മി. സ്പീക്കർ: ഓർഡർ... ഓർഡർ....... ചോദ്യം നമ്പർ *121 &*143

ചോദ്യം നമ്പർ *121 ചോദ്യം നമ്പർ *143-മായി ക്ലബ്ബ് ചെയ്യുന്നതിന് ഡോ. എൻ. ജയരാജ് നോട്ടീസ് നൽകിയിട്ടുണ്ട്. സമാനമായതിനാൽ ക്ലബ്ബിംഗ് അനുവദിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചോദ്യം നമ്പർ *121, *143 എന്നിവയ്ക്ക് ഒരുമിച്ച് മറുപടി പറയാവുന്നതാണ്.

**സ്ത്രീ സുരക്ഷ ഉറപ്പാക്കുവാൻ നടപടികൾ**

1 (*121) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധന പീഡനത്തെ തുടർന്നുള്ള ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊല്ലം പോരുവഴിയിൽ വിസ്മയ എന്ന യുവതിയുടെ മരണം സംബന്ധിച്ച അന്വേഷണം നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ

വിശദമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) 2011 മുതൽ 2016 വരെ 100 സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യയും സംസ്ഥാനത്തുണ്ടായിട്ടുണ്ട്. 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിക്കുകയാണെങ്കിൽ ഇവയുടെ എണ്ണം 54 ആണ്. 2020-ലും 2021-ലും 6 വീതം ആത്മഹത്യ കേസുകളാണ് റിപ്പോർട്ട് ചെയ്തത്. സ്ത്രീധന പീഡനം കാരണം ഒരു മരണമോ ആത്മഹത്യയോ സംസ്ഥാനത്ത് ഉണ്ടാവാത്ത സാഹചര്യം സൃഷ്ടിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

(ബി) കൊല്ലം ജില്ലയിലെ ചടയമംഗലം സ്വദേശി വിസ്മയ എന്ന പെൺകുട്ടി ഭർതൃഗൃഹത്തിൽ തൂങ്ങിമരണപ്പെട്ട സംഭവത്തിന് ശൂരനാട് പോലീസ് സ്റ്റേഷനിൽ ക്രൈം 791/2021 ആയി കേസ് രജിസ്റ്റർ ചെയ്തു. IPC 498(A), 304(B) വകുപ്പുകൾ പ്രകാരം കേസിന്റെ വിശദമായ അന്വേഷണം നടത്തിവരുന്നു. നിലവിൽ കേസന്വേഷണം അന്തിമഘട്ടത്തിലാണ്. വിവിധതരം ശാസ്ത്രീയ പരിശോധനാഫലങ്ങൾകൂടി ലഭിക്കേണ്ടതായിട്ടുണ്ട്. മരണപ്പെട്ട വിസ്മയയുടെ കുടുംബത്തിന്റെ അപേക്ഷ പരിഗണിച്ച് കേസിൽ പ്രത്യേക പബ്ലിക് പ്രോസിക്യൂട്ടറെയും നിയോഗിച്ചിട്ടുണ്ട്.

(സി) സ്ത്രീകൾക്കെതിരായുള്ള അക്രമം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇത്തരം അക്രമം നടത്തുന്നവർക്കെതിരെ ശക്തമായ നടപടി സർക്കാർ സ്വീകരിക്കുന്നുണ്ട്. സ്ത്രീയെ രണ്ടാംകിട പൗരയായും കാഴ്ചവസ്തുവായും കാണുന്ന കാഴ്ചപ്പാടുകൾക്കെതിരെയുള്ള ബോധവത്ക്കരണവും ഇതോടൊപ്പം ഉയർത്തിക്കൊണ്ടുവരാനാണ് സർക്കാർ പരിശ്രമിക്കുന്നത്. സമൂഹമാകെ യോജിച്ചുനിന്നുകൊണ്ട് നടത്തേണ്ടൊരു സമരമായാണ് സർക്കാർ ഇതിനെ കാണുന്നത്. അതിന് അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തന പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഇതിന്റെ അനുഭവങ്ങൾകൂടി പരിശോധിച്ച് കൂടുതൽ പുതിയ പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധമാണ്. നിയമ സംവിധാനങ്ങളിൽ ഉൾപ്പെടെയുള്ള മാറ്റങ്ങളും സർക്കാർ ലക്ഷ്യംവയ്ക്കുന്നുണ്ട്. നിലവിൽ താഴെപ്പറയുന്ന സംവിധാനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്.

1. സ്ത്രീകൾക്കെതിരായുള്ള വിവിധ തരത്തിലുള്ള അതിക്രമങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ, വനിതാ സെൽ,

വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ് തുടങ്ങിയവ ഈ രംഗത്തെ പോലീസ് ഇടപെടലിന്റെ ഭാഗമാണ്. എല്ലാ പോലീസ് ജില്ലകളിലും വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലാണ്. അതോടൊപ്പംതന്നെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി 'അപരാജിത', 'നിഴൽ', 'വനിതാ സ്വയം പ്രതിരോധം' എന്നിവ നടപ്പിലാക്കിവരുന്നു.

2. ദൃശ്യ-ശ്രാവ്യ, സോഷ്യൽ മീഡിയകളിലൂടെ സ്ത്രീധന പീഡനത്തിനെതിരെയുള്ള വ്യാപകമായ പ്രചരണങ്ങൾ നടക്കുന്നുണ്ട്. സ്ത്രീകളുമായി നിരന്തരം ഇടപെടുന്ന വിഭാഗമെന്ന നിലയിൽ സംസ്ഥാനത്തെ ഐ.സി.ഡി.എസ്. സൂപ്പർവൈസർ, അംഗനവാടി പ്രവർത്തകർ തുടങ്ങിയവർക്ക് സ്ത്രീകൾക്കുള്ള നിയമപരിരക്ഷയെപ്പറ്റിയും സ്ത്രീകളുടെ അവകാശത്തെ സംബന്ധിച്ചും ബോധവത്ക്കരണം നടത്തിവരുന്നു. ഇതിലൂടെ സ്ത്രീകൾക്കിടയിൽ ഇതുസംബന്ധിച്ച അവബോധം ഉയർത്തിയെടുക്കാനാണ് സർക്കാർ ശ്രമിക്കുന്നത്.

3. ഉദ്യോഗസ്ഥരുടെ ഇടയിലെ സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സ്ത്രീധനം ആവശ്യപ്പെടുകയോ വാങ്ങുകയോ കൊടുക്കുകയോ ചെയ്യില്ലെന്ന സത്യവാങ്മൂലം സർക്കാർ

ഉദ്യോഗസ്ഥരിൽനിന്ന് വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും ജെൻഡർ അവയർനസ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

4. സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരായ അവബോധന പ്രവർത്തനങ്ങൾക്കും ആവശ്യമായ വിഹിതം പ്രത്യേകം വകയിരുത്തിയിട്ടുണ്ട്.

## സ്ത്രീ സുരക്ഷ

2 (*143) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇത്തരം അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ കർശന നിലപാട് സ്വീകരിക്കാത്ത ഉദ്യോഗസ്ഥരുടെമേൽ ശിക്ഷാനടപടികൾ

സ്വീകരിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) സ്ത്രീ സുരക്ഷ ഉറപ്പാക്കാനായി സർക്കാർ പുതുതായി നടത്താനുദ്ദേശിക്കുന്ന ഇടപെടലുകൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) സ്ത്രീകളുടെയും കുട്ടികളുടെയും നേരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിനും സുരക്ഷ ഒരുക്കുന്നതിനുമായി സംസ്ഥാനത്ത് വിവിധ പദ്ധതികളും സംവിധാനങ്ങളും നിലവിലുണ്ട്. വനിതാ പോലീസ് സ്റ്റേഷൻ, വനിതാ സെൽ, വനിതാ ബറ്റാലിയൻ, പിങ്ക് പോലീസ്, നിഴൽ, വനിതാ സ്വയം പ്രതിരോധ സംഘം, വനിതാ ബീറ്റ് എന്നിവ സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ മുൻനിർത്തി പോലീസ് നടപ്പിലാക്കിവരുന്ന പദ്ധതികളാണ്. ഗാർഹിക പീഡനം, സ്ത്രീധനവുമായി ബന്ധപ്പെട്ട പരാതികൾ എന്നിവ സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനം പോലീസ് ഒരുക്കിയിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ നേരിടുന്ന ആർക്കും aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം. പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള സംസ്ഥാനതല

നോഡൽ ഓഫീസറായി പത്തനംതിട്ട ജില്ലാ പോലീസ് മേധാവി ശ്രീമതി ആർ. നിശാന്തിനി, ഐ.പി.എസ്.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരാതികൾ 9497999955 എന്ന നമ്പരിൽ നേരിട്ട് നോഡൽ ഓഫീസറെ അറിയിക്കാവുന്നതാണ്. കുട്ടികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി പോലീസ് താഴെപ്പറയുന്ന പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്. CAP (Children and Police) House CCSE (Counter Child Sexual Exploitation) CCPWC Project (Cyber Crime Prevention against Women & Children). കുട്ടികൾക്കുണ്ടാകുന്ന മാനസിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കൗൺസിലിംഗ് നൽകുന്നതിനും മറ്റുമായി 'CHIRI' പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്. ജില്ലകളിൽ Child Friendly Police Station-കൾ ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഇത് വ്യാപിപ്പിക്കും. കുട്ടികളുടെ നഗ്നചിത്രങ്ങൾ കാണുകയും പ്രചരിപ്പിക്കുന്നവർക്കുമെതിരെ സൈബർ ഡോമിന്റെ നേതൃത്വത്തിൽ “ Operation P-Hunt” എന്ന പേരിൽ സൈബർ ഇടങ്ങളിൽ അന്വേഷണം നടത്തി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ

പ്രചരിപ്പിക്കുന്നതിനെ തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുകയും കുട്ടികളെ വിദഗ്ദ്ധ കൗൺസലിംഗിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. കുട്ടികൾക്കെതിരായ ലൈംഗിക അതിക്രമ കേസുകൾ കൈകാര്യം ചെയ്യുന്നതിന് എല്ലാ ജില്ലകളിലും പ്രത്യേക പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ, ബഹുമാനപ്പെട്ട സുപ്രീംകോടതി നിർദ്ദേശമനുസരിച്ച് 28 ഫാസ്റ്റ് ട്രാക്ക് കോടതികളും പ്രവർത്തിക്കുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതുയിടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകളും കുട്ടികളും നേരിടുന്ന വിവിധ പ്രശ്നങ്ങൾ

പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ "പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്റ്റ് " 2021 ജൂലൈ 19-ന് നിലവിൽ വന്നിട്ടുണ്ട്. വനിത-ശിശു വികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന 'നിർഭയ' പദ്ധതി.

2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി 'കാതോർത്ത്' എന്ന സംവിധാനം.

3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച് നടപ്പിലാക്കുന്ന 'രക്ഷാദൂത്' പദ്ധതി.

4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സാപ്പ് ഹെൽപ്പ് ലൈൻ 9400080292 പ്രവർത്തിക്കുന്നു.

5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി ‘ 181 മിത്ര ഹെൽപ്പ് ലൈൻ' നിലവിലുണ്ട്.

6) ഗാർഹിക-ലൈംഗിക അതിക്രമത്തിന് ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ 'വൺസ്റ്റോപ്പ് സെന്ററുകൾ' പ്രവർത്തിച്ചുവരുന്നു.

7) കേരളത്തിലെ 14 ജില്ലകളിലും 'വനിതാ സംരക്ഷണ ഓഫീസറുടെ' സേവനം ലഭ്യമാണ്. ഇതിനുപുറമെ, അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതു സമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള "കമാന്റ് സെന്ററി"ൽ ലഭ്യമാണ്. സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾ പരമാവധി കുറയ്ക്കുന്നതിന് ക്രൈം മാപ്പിംഗിന്റെ അടിസ്ഥാനത്തിലുള്ള ജനകീയ കാമ്പയിൻ സംഘടിപ്പിക്കുമെന്ന് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ പ്രകടന പത്രികയിൽ വാഗ്ദാനം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(ബി) ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ അതിക്രമങ്ങൾ നടത്തുന്നവർക്കെതിരെ പോലീസ് കർശന നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥർ വീഴ്ച വരുത്തുന്നതായി ശ്രദ്ധയിൽപ്പെടുകയോ പരാതികൾ ഉയരുകയോ ചെയ്താൽ സംഭവത്തെക്കുറിച്ച് അന്വേഷണം

നടത്തി കുറ്റക്കാർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) സംസ്ഥാനത്തെ എല്ലാ പോലീസ് ജില്ലകളിലും ഓരോ വനിതാ പോലീസ് സ്റ്റേഷൻ സ്ഥാപിക്കും. നിലവിൽ വനിതാ പോലീസ് സ്റ്റേഷൻ ഇല്ലാത്ത തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിലാണ് പുതിയ വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുക. 2021-22 സാമ്പത്തിക വർഷം സംസ്ഥാന പ്ലാൻ പദ്ധതിയിൽ, സ്ത്രീ സൗഹൃദ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും ലിംഗവിവേചനത്തിനെതിരെയുള്ള അവബോധനത്തിനും 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. സംസ്ഥാനത്തെ 80 പോലീസ് സ്റ്റേഷനുകൾ സ്ത്രീ/ശിശു സൗഹൃദമാക്കുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി 400 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഏത് സാഹചര്യത്തിലാണ് ഈ ചോദ്യം ഇപ്പോൾ നിയമസഭയുടെ മുമ്പിൽ വന്നിട്ടുള്ളതെന്ന്

നമുക്കെല്ലാവർക്കുമറിയാം. കേരളത്തിന്റെ ചരിത്രത്തിൽ, ഒരുപക്ഷേ ഇന്ത്യയുടെ ചരിത്രത്തിൽതന്നെ ആദ്യമായാണ് ഒരു ഗവർണർക്ക് ഉപവാസം ഇരിക്കേണ്ടിവന്ന സാഹചര്യം ഇവിടെയുണ്ടായത്. അതിന് ആസ്പദമായ വിഷയമാണ് ഈ ചോദ്യത്തിലുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം. നമ്മുടെ സംസ്ഥാനത്തെ നിയമവാഴ്ച നോക്കുകുത്തിയായതിലുള്ള ഗവർണറുടെ മനോവേദനയാണ് അദ്ദേഹത്തെ ആ ഉപവാസത്തിന് പ്രചോദിപ്പിച്ചതെന്ന് നമുക്കറിയാവുന്ന കാര്യമാണ്. അത് പറഞ്ഞപ്പോൾ ഇവിടെ പലർക്കും അരോചകമുണ്ടായി.

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ചോദ്യത്തിലേയ്ക്ക് വരാം. അതിനുമുമ്പ് കഴിഞ്ഞയാഴ്ച ഗവർണറുടെ ഒരു കത്ത് എം.എൽ.എ.-മാർക്കെല്ലാം കിട്ടി. ആ കത്തിലെ ആദ്യ വാചകത്തിൽ പറയുന്നത് 'സ്ത്രീധനവും ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് ചുരുങ്ങിയ കാലയളവിനുള്ളിൽ തുടരെയുണ്ടായ മരണങ്ങൾ നിമിത്തം നമ്മുടെ പ്രിയ സംസ്ഥാനം വാർത്തയിൽ നിറയുന്ന പശ്ചാത്തലത്തിലാണ് ഞാൻ ഈ കത്ത് എഴുതുന്നത് എന്നാണ്. ഗവർണറുടെ ഈ വരികൾ നമുക്ക്

അഭിമാനമാണോ; അപമാനമാണോ; ഈ ചുരുങ്ങിയ കാലയളവുകൊണ്ട് ഗവർണർ ഉദ്ദേശിക്കുന്നതെന്തെന്ന് എനിക്കറിയില്ല. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത് അങ്ങ് മുഖ്യമന്ത്രിയായതിനുശേഷം അല്ലെങ്കിൽ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഗവർണറായതിനുശേഷം ഏതാണോ ആദ്യം അത്, സ്ത്രീധനവും ഗാർഹിക പീഡനവുമായി ബന്ധപ്പെട്ട് എത്ര മരണങ്ങളും ആത്മഹത്യകളും സംസ്ഥാനത്തുണ്ടായിട്ടുണ്ടെന്നും എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ആ കേസുകളിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഓരോ കാര്യവും ഓരോരുത്തരുടെ മനോഭാവം അനുസരിച്ചാണ് കാണാൻ തയ്യാറാകുക. ഇവിടെ ചോദ്യം ഉന്നയിച്ച ബഹുമാന്യനായ ശ്രീ. എൻ. എ. നെല്ലിക്കുന്ന് ആ കൂട്ടത്തിൽപ്പെട്ടൊരാളാണ്. അദ്ദേഹത്തിന് അദ്ദേഹത്തിന്റേതായൊരു മനോഭാവമുണ്ട്, പണ്ഡിതനാണ്, പക്ഷെ പാണ്ഡിത്യം വേറെ ഭാഗത്താണെന്ന് മാത്രം. അതിന്റെ ഭാഗമായാണ് ഗവർണറുടെ ഉപവാസത്തെക്കുറിച്ച് വളരെ തെറ്റായ രീതിയിൽ പരാമർശിക്കുന്ന നിലയുണ്ടായത്. ഗവർണർ നമ്മുടെ സമൂഹത്തെ

ബോധവത്കരിക്കുന്നതിനുള്ള ഒരു ഗാന്ധിയൻ ഇടപെടലാണ് നടത്തിയത്. അത് നേരത്തെ നമ്മൾ ചർച്ചചെയ്തതും വ്യക്തമാക്കിയതുമാണ്. മാത്രമല്ല ബഹുമാന്യനായ എൻ. എ. നെല്ലിക്കുന്നിനെ പോലുള്ളവർക്ക് സംശയമുണ്ടാകാൻ ഇടവന്നപ്പോൾ ഗവർണർതന്നെ അക്കാര്യം പരസ്യമായി വ്യക്തമാക്കിയിട്ടുമുണ്ട്. എന്നിട്ടും ഇതേരീതിയിലുള്ള സംശയങ്ങൾ ഇവിടെ പ്രകടിപ്പിക്കുന്ന നിലയാണുണ്ടായിട്ടുള്ളത്. അദ്ദേഹം കഴിഞ്ഞ നിയമസഭയിലും അംഗമായിരുന്ന ആളായിരുന്നു. അദ്ദേഹം ചോദിച്ച ചോദ്യം, ഞാൻ മുഖ്യമന്ത്രിയായി വന്നതാണോ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ ഗവർണ്ണറായി വന്നതാണോ ആദ്യമെന്നാണ്. അതിന്റെ സമയം അദ്ദേഹത്തിന് അറിയാത്തതല്ല. അതിൽ ഏതാണ് ആദ്യമെന്നാണ് ചോദിച്ചത്. അദ്ദേഹത്തിന് ഓർമ്മക്കുറവുണ്ടെന്ന് എനിക്ക് ഇതുവരെ മനസിലായിട്ടില്ല. ഇവിടെ അദ്ദേഹം പരാമർശിച്ച ബഹുമാന്യനായ ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാൻ വരുന്നതിനുമുമ്പ് റിട്ടയേർഡ് ജസ്റ്റിസ് ശ്രീ. പി. സദാശിവം നമ്മുടെ ഗവർണറായി ഇവിടെ ഉണ്ടായിരുന്നില്ലേ; അതെന്താണ് അദ്ദേഹം മറന്നുപോയത്. അപ്പോൾ ആദ്യത്തേത് ഞാൻ മുഖ്യമന്ത്രി പദത്തിൽ എത്തിയ സമയം തന്നെയാണ്.

അതാണ് അദ്ദേഹം ചോദിച്ചതെങ്കിൽ അതിനുള്ള ഉത്തരം അതാണ്.

2016 മുതൽ 2021 വരെയുള്ള കാലയളവിൽ നടന്ന ആത്മഹത്യയും മരണവും എത്രയാണെന്നുള്ളത് ഞാൻ കൃത്യമായി പറഞ്ഞതാണ്. അതിന്റെ മുന്നിൽ ഞാൻ ഒരുകാര്യം പറയുകയുണ്ടായി, 2011 മുതൽ 2016 വരെ നൂറ് സ്ത്രീധന പീഡന മരണങ്ങളും ആത്മഹത്യയും സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടെന്ന് ഞാൻ പറഞ്ഞു. അതിനുശേഷമുള്ള വാചകമാണ്, 2016 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിക്കുകയാണെങ്കിൽ ഇവയുടെ എണ്ണം 54 ആണ്. 2020-ഉം 2021-ഉം പ്രത്യേകമായി എടുത്താൽ അതിൽ ആറുവീതം ആത്മഹത്യാകേസുകളാണ് റിപ്പോർട്ട് ചെയ്തതെന്ന് പറയുകയുണ്ടായി. ഇതിൽ നമ്മൾ എല്ലാവരും ദുഃഖിതരാണ്. അതിൽ ഭരണപക്ഷമെന്നോ പ്രതിപക്ഷമെന്നോ ഉള്ള വ്യത്യാസമില്ല. ഇത്തരമൊരു അവസ്ഥ, സ്ത്രീധന പീഡനമോ അതിന്റെ ഭാഗമായുള്ള ആത്മഹത്യയോ അതിലൂടെയുള്ള മരണങ്ങളോ ഏതെങ്കിലും തരത്തിലുള്ള കൊലപാതകങ്ങളോ ഇതെല്ലാം നമ്മുടെ നാടിന് അപമാനം വരുത്തിവയ്ക്കുന്നതാണ്. അതുകൊണ്ടുതന്നെ അക്കാര്യത്തിലുള്ള വലിയ ബോധവത്കരണം ഉണ്ടാകുകയെന്നുള്ളത് ഏറ്റവും പ്രധാനമാണ്.

യഥാർത്ഥത്തിൽ ബഹുമാന്യനായ ഗവർണറുടെ നടപടി ആ ബോധവത്കരണ പ്രക്രിയയെ വലിയതോതിൽ സഹായിക്കുകയാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ തെറ്റിദ്ധരിച്ചിരിക്കുകയാണ്. എനിക്കില്ലാത്ത പാണ്ഡിത്യം വിളമ്പാനല്ല ഞാൻ ശ്രമിച്ചത്. ബഹുമാനപ്പെട്ട ഗവർണറുടെ കത്തിലെ വരികൾ ഞാനിവിടെ ഉദ്ധരിച്ചുവെന്നേയുള്ളൂ. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സംഭവം നടന്നതിനുശേഷം പറഞ്ഞൊരു വാക്കുണ്ട് 'സ്ത്രീ വിൽപ്പന ചരക്കല്ല' എന്ന്. അത് സമൂഹത്തിന് നല്ലൊരു മെസേജ് നൽകുന്ന ഒന്നാണെന്ന് ഞാൻ സമ്മതിക്കുന്നു. ഈ അടുത്തകാലത്ത് ഞാനൊരു വീട്ടിൽ പോയപ്പോൾ ആ വീടിന്റെ പുറത്തായി വാതിലിൽ ഒരു ബോർഡ് വച്ചിട്ടുണ്ട്. അതിൽ എഴുതിയിരിക്കുന്നത് 'സ്ത്രീധനം വാങ്ങുന്ന കല്യാണത്തിന് ക്ഷണിക്കാൻ ഈ വീട്ടിൽ ആരും വരരുത്' എന്നാണ്. ഈ കാര്യവും സ്ത്രീ വിൽപ്പന ചരക്കല്ലായെന്ന് മുഖ്യമന്ത്രി പറഞ്ഞതും നമുക്കെല്ലാവർക്കും നല്ലൊരു മെസേജ് നൽകുന്നുണ്ട്. നമ്മുടെ സമൂഹത്തിൽ ഇതുമായി ബന്ധപ്പെട്ട് ഒരു ബോധവൽക്കരമാണ് ആവശ്യം എന്നാണ് എനിക്ക് പറയാനുള്ളത്. Male

Government staff in Kerala to give 'a no-dowry declaration' എന്ന് സർക്കാർ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അത് നല്ലൊരു കാര്യമാണ്. അതിനു മുൻപുതന്നെ 1961-ൽ പാർലമെന്റിൽ ഒരു ആക്ടും വന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തും ഒരു എസ്.ആർ.ഒ. ഉണ്ട്. സ്ത്രീപീഡനമുണ്ടായാൽ ഐ.പി.സി. 498 എ പ്രകാരം പോലീസ് സ്റ്റേഷനിൽ പരാതിപ്പെടാം, അവർ കേസെടുക്കും. എന്നാൽ ഇപ്പോൾ പരാതിയുമായി ഏതെങ്കിലും സ്ത്രീ പോലീസ് സ്റ്റേഷനിൽ പോയാൽ കിട്ടുന്ന മറുപടി, ഇപ്പോൾ കൊറോണയാണ് അത് കഴിഞ്ഞ് കേസെടുക്കാമെന്നാണ്. ഗൗരവമേറിയ ഇത്തരം കേസുകൾ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യാനുള്ള ഒരു പ്രത്യേക സൗകര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഉണ്ടാക്കി നൽകണമെന്നാണ് അപേക്ഷിക്കാനുള്ളത്.

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ഞാൻ അദ്ദേഹത്തെക്കുറിച്ച് ഇനിയൊന്നും പരാമർശിക്കുന്നില്ല. ഇവിടെ അദ്ദേഹം പറഞ്ഞത് തീർത്തും വാസ്തവവിരുദ്ധമായൊരു കാര്യമാണ്. കേരളത്തിലെ ക്രമസമാധാനനിലയ്ക്ക് ഭംഗം വരുന്ന ഏതെങ്കിലുമൊരു കാര്യം ഏതെങ്കിലും പ്രദേശത്ത് സംഭവിച്ചാൽ അതുമായി ബന്ധപ്പെട്ടുള്ള പരാതികൾ

കൊറോണയായതുകൊണ്ട് മാറ്റിവയ്ക്കുന്ന രീതിയില്ല. അത് ഗൗരവമായി പോലീസെടുക്കുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുകയാണ്. എത്രയോ കാര്യങ്ങൾ ഈ ഘട്ടത്തിൽത്തന്നെ തെളിയിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. അതിൽ അതീവഗൗരവത്തോടെ കാണുന്നതാണ് സ്ത്രീ പീഡനവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ.

ശ്രീ. യു. എ. ലത്തീഫിനുപകരം (പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ): സർ, അങ്ങ് മറുപടിയിൽ പറഞ്ഞതുപോലെ ധാരാളം നിയമങ്ങൾ നമുക്കുണ്ട്. പക്ഷേ, അത് ശരിയായ രൂപത്തിൽ പ്രാവർത്തികമാകുന്നില്ല എന്നതാണ് പ്രയാസകരം. 'അപരാജിത'യെക്കുറിച്ച് അങ്ങ് മറുപടിയിൽ പറഞ്ഞു. 'അപരാജിത' ആരംഭിച്ച അന്നുതന്നെ ഏകദേശം 108 കേസുകൾ ഫോണിലൂടെയും 218 കേസുകൾ അപേക്ഷയായും വന്നു. നിയമങ്ങളുണ്ടെങ്കിലും അത് പ്രാവർത്തികമായി അല്ലെങ്കിൽ പരിപൂർണ്ണമായും നടപ്പിലാകുന്നില്ല എന്നൊരു പ്രയാസത്തിന്റെ ഭാഗമായി ഈ വസ്തുതകൾ നിലനിൽക്കുന്നു എന്നതാണ് ഇതുമായി ബന്ധപ്പെട്ട കാര്യം. 1961-ലാണ് സെൻട്രൽ ആക്ട് വന്നത്. കേരളത്തിൽ 1992-ൽ റൂളും 2004-ൽ പുതുക്കിയ റൂളുകളും വന്നിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് സർവ്വീസിൽ ജോലി ചെയ്യുന്ന

ഉദ്യോഗസ്ഥർക്ക് വിവാഹം കഴിക്കുമ്പോൾ വിവാഹം രജിസ്ട്രേഷൻ നടത്തി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിൽ സ്ത്രീധനം വാങ്ങിയിട്ടില്ല, സ്ത്രീധനം വാങ്ങുന്നില്ല എന്നുപറഞ്ഞുകൊണ്ട് ഒരു അഫിഡവിറ്റ് അവരുടെ മേലുദ്യോഗസ്ഥർക്ക് കൊടുക്കണം. അതുപോലെ നമുക്ക് Dowry Prohibition Officers ഉണ്ട്. സർക്കാർ ഉദ്യോഗസ്ഥരുടേതുപോലെ, വിവാഹ സർട്ടിഫിക്കറ്റ് കിട്ടുന്നതിന് സമൂഹത്തിൽ മുഴുവൻ അത് സാർവ്വത്രികമാക്കാൻ കഴിയുമോ; ഡൗറി പ്രൊഹിബിഷൻ ഓഫീസേഴ്സിന് ഡെസിഗ്നേറ്റഡ് പവറേയുള്ളൂ. അതിനുപകരം അവർക്ക് കല്യാണം നടക്കുന്നിടത്തോ അല്ലെങ്കിൽ മറ്റ് സ്ഥലങ്ങളിലോ പോയി സ്പോട്ട് ഇൻസ്പെക്ഷൻ നടത്തി നേരിട്ട് കേസെടുക്കാനും നിയമനടപടികൾ സ്വീകരിക്കാനും കഴിയാവുന്നതരത്തിൽ നമ്മുടെ റൂളിൽ മാറ്റം വരുത്തി ഇതിന് പരിഹാരം കാണാൻ സാധിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, നിലവിലുള്ള നിയമത്തിന്റെയും ചട്ടങ്ങളുടേയും ചില പരിമിതികളാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. നിയമം കുറച്ചുകാലമായി രാജ്യത്ത് നിലനിൽക്കുന്നുണ്ടെങ്കിലും വിദ്യാസമ്പന്നരായ ആളുകൾപോലും അതായത് നിയമം ശരിയായ രീതിയിൽ മനസിലാക്കാൻ

നിയമവൈദഗ്ദ്ധ്യം നേടിയവരടക്കം ചിലരെങ്കിലും ഈ പറയുന്ന ദൂഷ്യത്തിന് ഇരയാകുന്നുവെന്നത് വസ്തുതയാണ്. അതായത്, സ്ത്രീധനം വാങ്ങാൻ തയ്യാറാകുന്നവരും സ്ത്രീധനം കൊടുക്കാൻ തയ്യാറാകുന്നവരും. ഇത് രണ്ടും നമ്മുടെ സമൂഹത്തിൽ നിൽക്കുകയാണ്. സ്ത്രീധനം നൽകില്ല, സ്ത്രീധനം വാങ്ങില്ല എന്ന നിലയിലേയ്ക്ക് നമ്മുടെ സമൂഹത്തിന്റെ പൊതുബോധം ഉയരുകയെന്നതാണ് ഏറ്റവും പ്രധാനം. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ അങ്ങനെയൊരു പ്രക്രിയ ഉയർന്നു വരുമ്പോൾ തന്നെ നമ്മുടെ നിയമത്തിലോ ചട്ടങ്ങളിലോ അതല്ലെങ്കിൽ പ്രത്യേകമായി ചട്ടങ്ങളിൽ എന്തെങ്കിലും ശക്തിപ്പെടുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അതും നമുക്ക് ചെയ്യാവുന്നതാണ്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, നിലവിൽ നമ്മുടെ കോടതികളിലെ തിരക്കുകൾ കാരണം സ്ത്രീധനപീഡനമടക്കമുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ നടന്ന് മാസങ്ങൾ കഴിഞ്ഞാവും പലപ്പോഴും കോടതികളിൽ കേസുകൾ എത്തുന്നത്. സ്ത്രീധനപീഡനമടക്കമുള്ള സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ കുറ്റാരോപിതരാകുന്നവർക്ക് അർഹതപ്പെട്ട ശിക്ഷ വിധിക്കുന്നതിന് പ്രത്യേക ഫാസ്റ്റ് ട്രാക്ക് കോടതികൾ രൂപീകരിക്കുന്ന

കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ ഒരു ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഇപ്പോൾത്തന്നെ ഉണ്ടായിട്ടുണ്ട്. അതായത് ഫാസ്റ്റ് ട്രാക്ക് കോടതിയെന്നല്ല പ്രത്യേക കോടതികൾ ഇതിനുവേണ്ടി സ്ഥാപിച്ചു കൂടേ; സർക്കാരിന്റെ നിർദ്ദേശമനുസരിച്ച് ആ പ്രശ്നം ബഹുമാന്യനായ അഡ്വക്കേറ്റ് ജനറൽ ബഹുമാന്യനായ ഹൈക്കോടതി ചീഫ് ജസ്റ്റിസുമായി ചർച്ചചെയ്തു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹവും തത്വത്തിൽ അതിനോട് യോജിപ്പ് പ്രകടിപ്പിച്ചിരിക്കുകയാണ്. അത് നമുക്ക് പ്രാവർത്തികമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, നമ്മുടെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അതിക്രമങ്ങൾ കൈകാര്യം ചെയ്യുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നടത്തുന്ന വളരെ കാര്യക്ഷമമായ പ്രവർത്തനങ്ങളിൽ കേരളീയ പൊതുസമൂഹത്തിന് നല്ല മതിപ്പാണുള്ളത്. പക്ഷേ, പലപ്പോഴും അക്രമങ്ങൾ കുറയ്ക്കുന്നതിന് കൂടുതൽ അവബോധമുണ്ടാക്കേണ്ടത് ആവശ്യമാണെന്നുള്ള ഒരഭിപ്രായം

പൊതുവിലുണ്ട്. അതുകൊണ്ട് നമ്മുടെ സ്കൂൾ കരിക്കുലത്തിൽ പ്രത്യേകിച്ച് ഹൈസ്കൂൾ, ഹയർ സെക്കൻഡറി ക്ലാസുകളിൽ പാഠ്യഭാഗമായി സ്ത്രീപക്ഷ നിയമങ്ങളും അതുപോലെ പ്രസക്തമായ മറ്റ് നിയമങ്ങളിലെ പ്രസക്ത വകുപ്പുകളും ഉൾപ്പെടുത്തുന്നത് നന്നായിരിക്കും. ഉദാഹരണമായി, ഇൻഡ്യൻ പീനൽ കോഡിലെ 354, 376, 498 എ തുടങ്ങിയ വകുപ്പുകളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ട പരിരക്ഷയെക്കുറിച്ചുണ്ട്. ആ അവബോധം സമൂഹത്തിൽ വ്യാപകമായി സൃഷ്ടിക്കുന്നതിന് ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ സ്ത്രീപക്ഷനിയമങ്ങളുടെ പ്രസക്തമായ ഭാഗങ്ങളെങ്കിലും ഉൾക്കൊള്ളിക്കുന്നത് നന്നായിരിക്കുമെന്ന് ഒരഭിപ്രായമുണ്ട്. അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, വളരെ പ്രസക്തമായ ഒരു കാര്യമാണ് ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചത്. ബോധവൽക്കരണം എന്നുപറയുമ്പോൾ അതിൽ ഏറ്റവും പ്രധാനമായ ഘടകം വളർന്നുവരുന്ന കുഞ്ഞുങ്ങളിൽത്തന്നെ അതിനെക്കുറിച്ച് ധാരണയുണ്ടാകുക എന്നുള്ളതാണ്. ആ ധാരണ കൃത്യമായുണ്ടായാൽ മുതിർന്നയാളാകുമ്പോൾ ആ

നിലയിൽത്തന്നെ പ്രതികരിക്കുന്ന നില ഓരോ ആളിലുമുണ്ടാകും. നമ്മുടെ പാഠപുസ്തകങ്ങളിൽ ഇതുമായി ബന്ധപ്പെട്ട കൃത്യമായ ഭാഗങ്ങളുണ്ടാകേണ്ടതായിട്ടുണ്ട്. സ്ത്രീധനത്തിനെതിരായ ഒരു പൊതുബോധം ഉയർത്തത്തക്ക രീതിയിലുള്ള എന്തെല്ലാം വേണമോ അതൊക്കെ പാഠഭാഗമായി മാറേണ്ടതായിട്ടുണ്ട് എന്നുതന്നെയാണ് സർക്കാർ കാണുന്നത്. ഇതിന് മുമ്പുതന്നെ അക്കാര്യം പരസ്യമായി പറഞ്ഞിട്ടുള്ളതുമാണ്.

ശ്രീ. ജോബ് മൈക്കിൾ: സർ, സംസ്ഥാനത്ത് ഗാർഹിക പീഡനങ്ങൾ റിപ്പോർട്ട് ചെയ്യാതെ പോകുന്ന സാഹചര്യം നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; ഇത്തരത്തിലുള്ള പീഡനങ്ങളെ സംബന്ധിച്ച് വീടുകളിലെത്തി വിവരങ്ങൾ ശേഖരിക്കുന്നതിന് പോലീസിന്റെ പ്രത്യേക വിഭാഗത്തെ നിയോഗിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; അതോടൊപ്പം തന്നെ **498BA** ചില സമയങ്ങളിൽ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. അത് ദുരുപയോഗം ചെയ്യാതിരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ;

ശ്രീ. പിണറായി വിജയൻ: സർ, **498BA** എന്നെല്ലാം പറഞ്ഞാൽ എന്താണെന്ന് എനിക്ക് മനസ്സിലാകില്ല, ഞാനൊരു നിയമജ്ഞനല്ല. അത്

കൃത്യമായി എന്താണെന്ന് പറഞ്ഞാൽ മാത്രമേ എനിക്ക് മറുപടി പറയാൻ സാധിക്കൂ.

ശ്രീ. പ്രമോദ് നാരായൺ: സർ, ലോകത്തിലെ വികസിത രാജ്യങ്ങൾക്കുതന്നെ മാതൃകയാകുന്ന അതിശക്തമായ നടപടികളാണ് കേരളത്തിലെ ഗവൺമെന്റ് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയാൻ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ വിദ്യാലയങ്ങളിലെ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട് പറഞ്ഞതുപോലെ ലോകത്തിലെ വികസിതരാജ്യങ്ങൾ ഫലപ്രദമായി പരീക്ഷിക്കുന്ന ഒന്നാണ് റെസ്പോൺസിബിൾ പാരന്റിംഗ്. ഒരു പെൺകുട്ടിയും തന്റെ ഇരയല്ലായെന്നും ഓരോ പെൺകുട്ടിയും തന്റെ ഉത്തരവാദിത്വമാണെന്ന ബോധ്യത്തിലേയ്ക്ക് കുട്ടികളെ കൊണ്ടുവരാൻ കഴിയുന്ന റെസ്പോൺസിബിൾ പാരന്റിംഗ് വീടുകളിൽ നിന്നുതന്നെ ആരംഭിക്കുകയും വിവാഹപൂർവ്വ കൗൺസിലിംഗുകളിൽ വരെ രക്ഷകർത്താക്കൾകൂടി പങ്കാളികളാകുന്ന ഒരു സമഗ്രമായ പദ്ധതി ആവിഷ്കരിക്കുമോയെന്നതാണ് എന്റെ ചോദ്യം.

ശ്രീ. പിണറായി വിജയൻ: സർ, ഇതുമായി ബന്ധപ്പെട്ട് ഒട്ടേറെ കരുതലുകൾ നാം സ്വീകരിക്കേണ്ടതായിട്ടുണ്ട്. അക്കാര്യത്തിൽ

ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളടക്കം നമുക്ക് ഉൾപ്പെടുത്താവുന്നതാണ്. അതിനടക്കമുള്ള പരിശ്രമം നമുക്ക് നടത്താവുന്നതുമാണ്.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഈ ഗവൺമെന്റിനോടൊപ്പംതന്നെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും സ്ത്രീധനവിരുദ്ധ പ്രവർത്തനങ്ങൾക്കായി ശക്തമായ നിലപാടുകളെടുത്തിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ചതുപോലെ 2019-ൽ സംസ്ഥാന വനിതാ-ശിശുക്ഷേമ വകുപ്പിന്റെ കീഴിൽ ഒരുപാട് പ്രവർത്തനങ്ങൾ ആരംഭിച്ചത് ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. നവംബർ 26 - സ്ത്രീധനവിരുദ്ധദിനമായി സംസ്ഥാന സർക്കാർ ആചരിക്കുകയാണ്. ആ രംഗത്ത് ഒരുപാട് പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നുണ്ട്. എവിടെ സ്ത്രീകൾ ആദരിക്കപ്പെടുന്നോ, അവിടെ ദേവന്മാർ വിരാചിക്കുന്നുവെന്നുള്ളതാണ് ഭാരതീയ കാഴ്ചപ്പാട്തന്നെ. പക്ഷെ ദുഃഖകരമായ ഒരു കാര്യം നമ്മുടെ സമൂഹത്തിൽ പലപ്പോഴും വളരെയേറെ അക്രമങ്ങൾക്കും അതിക്രമങ്ങൾക്കും സ്ത്രീകൾ ഇരയാകുന്ന സാഹചര്യമുണ്ട്. എന്റെ ചോദ്യം, പിങ്ക് പോലീസ് പട്രോൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനുള്ള നടപടികൾ

സർക്കാർ സ്വീകരിക്കുമോ; അതിനായി കൂടുതൽ പോലീസുദ്യോഗസ്ഥരെ വിന്യസിക്കാൻ കഴിയുമോയെന്നതാണ്.

ശ്രീ. പിണറായി വിജയൻ: സർ, പിങ്ക് പോലീസ് സംവിധാനം പൊതുവിൽ ഗുണകരമായി വന്നിട്ടുണ്ട്. അത് കൂടുതൽ ശക്തിപ്പെടുത്തണമെന്നാണ് ബഹുമാന്യനായ അംഗം പറഞ്ഞത്. അക്കാര്യം പരിഗണിക്കാവുന്നതാണ്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കൊലപാതകം ആണെങ്കിലും ആത്മഹത്യ ആണെങ്കിലും സ്ത്രീധനത്തിന്റെ പേരിൽ നമ്മുടെ പെൺകുഞ്ഞുങ്ങളെ കൊലയ്ക്ക് കൊടുക്കുന്ന സംഭവങ്ങൾ നമ്മുടെ നാട്ടിൽ വർദ്ധിച്ചുവരികയാണ്. സ്ത്രീധനം വാങ്ങുന്നതും കൊടുക്കുന്നതും വർദ്ധിച്ചുവരികയാണ്. പെൺകുട്ടികളെ അലോസരപ്പെടുത്തുന്നത്, മിക്കവീടുകളിലും അവരെ വിവാഹം കഴിപ്പിച്ചയയ്ക്കുന്നത് മാതാപിതാക്കൾ വലിയ കടക്കെണിയിലായിക്കൊണ്ടാണ്. പെൺകുട്ടികൾ ആ വീടുകളിൽ ചെല്ലുമ്പോൾ വീണ്ടും സ്വർണ്ണത്തിനും വാഹനത്തിനും പണത്തിനുംവേണ്ടി ഭർതൃവീട്ടുകാർ നിർബന്ധിക്കുകയും പീഡിപ്പിക്കുകയും ചെയ്യുമ്പോൾ ആ കുഞ്ഞിന്റെ മുമ്പിലുള്ള ഓപ്ഷൻ തിരിച്ചുവീട്ടിലേയ്ക്ക് പോകുകയെന്നുള്ളതാണ്.

തന്റെ വിവാഹം നടത്തുന്നതിനുവേണ്ടി ഇപ്പോൾത്തന്നെ കടക്കെണിയിലായിരിക്കുന്ന കുടുംബത്തിന് താൻ ഭാരമാകരുതെന്ന് കരുതിയാണ് ആത്മഹത്യയിലേയ്ക്ക് പോകുന്നത്. രണ്ടാമത്തെ ഒരു വിഷയം വിവാഹമോചിതയായി വരുന്ന ഒരു പെൺകുട്ടിയെ സൊസൈറ്റി എങ്ങനെയാണ് നോക്കിക്കാണുന്നതെന്നുള്ള ഒരു വിഷയമാണ്. കാരണം, ഒരു Patriarchal Society-യിൽ ആണുങ്ങൾ തെറ്റ് ചെയ്യാറില്ല; സ്ത്രീകളാണ് തെറ്റ് ചെയ്യുന്നത് എന്നുള്ള ഒരു ചിന്തയാണ് ഇത്തരം കാര്യങ്ങളിൽ നമ്മുടെ സമൂഹത്തിനുള്ളത്. വിവാഹമോചിതയായാൽ അത് പെൺകുഞ്ഞിന്റെ കുറ്റമാണ് എന്ന് ധരിച്ചുവച്ചിരിക്കുന്ന ഒരു സൊസൈറ്റി കൂടിയാണിത്. നമുക്ക് ചെയ്യാൻ കഴിയുന്നത്, സ്റ്റേറ്റിന് പെൺകുട്ടിയെ സംരക്ഷിക്കാൻ കഴിയണം. ഒരു പെൺകുട്ടിക്ക് അത്തരമൊരു പ്രശ്നമുണ്ടായാൽ സ്റ്റേറ്റും നമ്മുടെ സൊസൈറ്റിയും ആ പെൺകുട്ടിയെ സംരക്ഷിക്കുമെന്ന് ഉറപ്പുവരുത്തണം. അവിടെയാണ് വനിതാ കമ്മീഷൻ പോലുള്ള പ്രസ്ഥാനങ്ങളുടെ വിശ്വാസ്യത തകർന്നുപോകാതെ അവർക്ക് ആത്മവിശ്വാസവും ആത്മധൈര്യവും പകരുന്ന രീതിയിൽ അവരെ സംരക്ഷിക്കേണ്ടത്. ഇക്കാര്യത്തിൽ സർക്കാർ മുൻകയ്യെടുക്കണമെന്നാണ് എന്റെ അഭ്യർത്ഥന. എന്റെ ചോദ്യം,

സ്ത്രീധനപീഡനം സഹിക്കാനാകാതെ നിരവധി പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്ന സാഹചര്യമുണ്ടായിട്ടും ഇന്ത്യൻ പീനൽ കോഡിലെ സെക്ഷൻ 304 ബി അനുസരിച്ച് പോലീസ് കേസെടുക്കുന്നത് വളരെ കുറവാണ്. കാരണം 2019-ൽ എട്ടും 2020-ൽ അതിനേക്കാൾ കുറവും കേസാണ് എടുത്തിരിക്കുന്നത്. ഇത് ജീവപര്യന്തംവരെ തടവുശിക്ഷ കിട്ടുന്ന ശിക്ഷയാണ്. യഥാർത്ഥ തെളിവുകളുള്ള, കൃത്യമായ സ്ത്രീധന മരണമാണ് വിവാഹം കഴിഞ്ഞ് ഏഴുവർഷത്തിനുള്ളിൽ സംഭവിക്കുന്നതെന്ന് ഉറപ്പുള്ള കേസ്സുകളിൽ നിർബന്ധമായും ഐ.പി.സി. 304 ബി അനുസരിച്ച് കേസെടുക്കാനുള്ള നിർദ്ദേശം പോലീസിന് കൊടുക്കുമോ?

<u>ശ്രീ. പിണറായി വിജയൻ:</u> സർ, ഇവിടെ അദ്ദേഹം ആദ്യഭാഗമായി പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തിയുള്ളതുതന്നെയാണ്. നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ സാമൂഹികരംഗം എങ്ങനെ ശക്തിപ്പെടണമെന്നാണ് അദ്ദേഹം ചൂണ്ടിക്കാണിച്ചത്. അത് പൂർണ്ണമായും സർക്കാർ യോജിക്കുന്ന കാര്യമാണ്. നമ്മുടെ Patriarchal Society- യുടെ മനോഭാവത്തിൽ വലിയതോതിലുള്ള മാറ്റം വരേണ്ടതായിട്ടുണ്ട്. ഏതെങ്കിലും പെൺകുട്ടി ഇത്തരത്തിലുള്ള ബുദ്ധിമുട്ടുകൾ സഹിക്കേണ്ട അവസ്ഥ

വരുമ്പോൾ അതിനെ ചോദ്യം ചെയ്യാൻ പെൺകുട്ടിയും തയ്യാറാകുന്ന നിലയിലേയ്ക്ക് മാനസികാവസ്ഥ എത്തണം. കുടുംബം ഇനിയും കൂടുതൽ ഭാരം താങ്ങേണ്ടി വരുമല്ലോയെന്ന് വിചാരിച്ച് ഒരു നിസ്സഹായ അവസ്ഥയിൽപ്പെട്ടുപോകുകയാണ് യുവതികൾ. ആ ഒരു ദുർബലാവസ്ഥയാണ് പലപ്പോഴും കൂടുതൽ അപകടങ്ങളിലേയ്ക്ക് എത്തിക്കുന്നത്. അപ്പോൾ പൊതുവായി സ്ത്രീശാക്തീകരണമെന്ന് നമ്മൾ പറയുന്ന ആ ഒരവസ്ഥ നമ്മുടെ സമൂഹത്തിൽ കൂടുതലായി ഉണ്ടാകേണ്ടതായിട്ടുണ്ട്. അതിന് എന്തൊക്കെ ചെയ്യേണ്ടതുണ്ടോ അതൊക്കെ ചെയ്യാവുന്നതാണ്. വരുന്ന പരാതികളുടെ കാര്യത്തിൽ കൃത്യമായ നടപടികൾതന്നെയാണ് പോലീസ് സ്വീകരിച്ചുപോരുന്നത്. ബഹുമാന്യനായ പ്രതിപക്ഷനേതാവ് ചൂണ്ടിക്കാണിച്ച തരത്തിലുള്ള ഏതെങ്കിലും സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിൽ അത് പ്രത്യേകമായി ഉന്നയിച്ചാൽ അതിന് ഉത്തരവാദികളായ പോലീസുദ്യോഗസ്ഥർക്കെതിരെ നടപടിയടക്കം എടുക്കും. ആവശ്യമായ എല്ലാ കരുതലുകളും ഇക്കാര്യത്തിൽ സ്വീകരിക്കുകയും ചെയ്യും.

<u>ശ്രീമതി സി. കെ. ആശ:</u> സർ, ഏറ്റവും കൂടുതൽ സൈബർ ആക്രമണങ്ങൾക്ക് ഇരയാകുന്നത് സ്ത്രീകളാണ്. സംസ്ഥാന സർക്കാർ

നടപ്പിലാക്കിവരുന്ന സ്ത്രീസുരക്ഷയുടെ ഭാഗമായി സൈബർ ഇടങ്ങളിലെ സ്ത്രീസുരക്ഷ ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, സൈബർ ആക്രമണങ്ങൾക്ക് വലിയതോതിൽ നമ്മുടെ സ്ത്രീകളും കുട്ടികളും ഇരയാകുന്നുവെന്നുള്ളത് ശരിയാണ്. അക്കാര്യത്തിൽ പ്രത്യേകമായിത്തന്നെ സുരക്ഷയൊരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ഇനിയും സ്വീകരിക്കുകയും ചെയ്യും.

മി. സ്പീക്കർ: ഒരുപാട് ബഹുമാനപ്പെട്ട അംഗങ്ങൾ ഉപചോദ്യത്തിന് ആവശ്യപ്പെട്ടിരുന്നു. പൊതുവിൽ സ്ത്രീധനമെന്ന സാമൂഹിക വിപത്തിനെതിരായ സഭയുടെ വികാരമാണ് ഇവിടെ പ്രകടമായിട്ടുള്ളത്.... അടുത്ത ചോദ്യത്തിലേയ്ക്ക് പോകാം.

**മദ്രസാ അദ്ധ്യാപക ക്ഷേമനിധി**

3 (*122) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്രസ അദ്ധ്യാപകർക്ക് സംസ്ഥാന സർക്കാർ ശമ്പളം

നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) മദ്രസ അദ്ധ്യാപകർക്ക് സർക്കാർ അനുവദിക്കുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) മദ്രസ അദ്ധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഗുണഭോക്തൃ വിഹിതവും സർക്കാർ വിഹിതവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) മദ്രസ അദ്ധ്യാപക ക്ഷേമനിധിയിൽ ആകെ എത്ര അംഗങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ;

(ഇ) മദ്രസാ അദ്ധ്യാപക ക്ഷേമനിധിക്കായി സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ഇല്ല.

(ബി) മദ്രസാദ്ധ്യാപകർക്കായി സംസ്ഥാന സർക്കാർ ഒരു ആനുകൂല്യങ്ങളും നൽകുന്നില്ല. എന്നാൽ അവർക്കായി ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) മദ്രസാദ്ധ്യാപകർക്കായി കേരളത്തിൽ ക്ഷേമനിധി

ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ അംഗമായ ഓരോ മദ്രസാദ്ധ്യാപകനും 50 രൂപയും ടിയാൻ അംഗമായ കമ്മിറ്റി 50 രൂപയും വീതം പ്രതിമാസം അംശദായം അടയ്ക്കേണ്ടതാണ്. ക്ഷേമനിധിയുടെ സുഗമമായ പ്രവർത്തനത്തിനും മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ഉറപ്പാക്കാനും ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഗ്രാന്റിൽനിന്നും കോർപ്പസ് ഫണ്ടായി സർക്കാർ തുക അനുവദിക്കുന്നുണ്ട്. പലിശ രഹിത നിക്ഷേപമായ ഈ ഫണ്ട് ഇൻഷ്വറൻസ് പ്രീമിയം, സേവന ചാർജ്ജ്, വിരമിക്കുന്ന അംഗങ്ങൾക്കുള്ള തുക, സർക്കാർ അംഗീകരിക്കുന്ന മറ്റ് ചെലവുകൾ എന്നിവ നിറവേറ്റാൻ ഉപയോഗിക്കുന്നു.

(ഡി) 23,809.

(ഇ) കേരള മദ്രസാദ്ധ്യാപക ക്ഷേമനിധിയ്ക്ക് കോർപ്പസ് ഫണ്ടായി 2010-ൽ 10,00,00,000/-(പത്ത് കോടി രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ 2015-2016 സാമ്പത്തിക വർഷത്തിൽ ട്രഷറിയിലെ പലിശരഹിതനിക്ഷേപത്തിനുള്ള ഇൻസെന്റീവ് ആയി 3,75,33,000 (മൂന്നുകോടി എഴുപത്തിയഞ്ചു ലക്ഷത്തി മുപ്പത്തി മൂവായിരം രൂപ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ്

ചെലവുകൾക്കായി 4,01,99,412/-(നാലു കോടി ഒരു ലക്ഷത്തി തൊണ്ണൂറ്റിയൊൻപതിനായിരത്തി നാന്നൂറ്റി പന്ത്രണ്ട് രൂപ മാത്രം) രൂപയും അനുവദിച്ചിട്ടുണ്ട്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർക്കാരിൽനിന്ന് മദ്രസ അദ്ധ്യാപകർക്കായി പ്രത്യേകിച്ച് ആനുകൂല്യങ്ങൾ നൽകുന്നില്ലെന്നും ക്ഷേമനിധിയിൽനിന്നുള്ള ആനുകൂല്യങ്ങൾ മാത്രമാണ് നൽകുന്നതെന്നും ഇവിടെ വ്യക്തമാക്കുകയുണ്ടായി. മദ്രസ അദ്ധ്യാപകർക്ക് സർക്കാർ ശമ്പളം കൊടുക്കുന്നുവെന്ന തരത്തിലുള്ള പ്രചരണങ്ങൾ സമൂഹ മാധ്യമങ്ങളിലും ന്യൂനപക്ഷങ്ങൾ വലിയ തോതിൽ അനർഹമായത് നേടിക്കൊണ്ടുപോകുന്നു എന്ന് പൊതുസമൂഹത്തിലും മുസ്ലീങ്ങൾ പലതും നേടിയെടുക്കുന്നുയെന്നുള്ളത് ന്യൂനപക്ഷങ്ങൾക്കിടയിലും വലിയ രീതിയിലുള്ള പ്രചരണം നടക്കുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയതുപോലെ ഏതെല്ലാം സമുദായങ്ങൾക്ക് ഏതെല്ലാം രീതിയിൽ ഏതെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിക്കൊണ്ടിരിക്കുന്നതെന്നുള്ളത് സംബന്ധിച്ച് ഒരു ധവളപത്രം ഇറക്കി വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ശ്രീ. ടി. വി. ഇബ്രാഹിം

ചോദ്യത്തിന്റെ ആദ്യഭാഗത്ത് പറഞ്ഞൊരു കാര്യം വസ്തുതയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് തെറ്റിദ്ധരിപ്പിക്കാനുള്ള ഒരുപാട് ശ്രമങ്ങൾ ചില വർഗ്ഗീയ താല്പര്യങ്ങൾവച്ചുകൊണ്ട് ഉയർന്നുവന്നിട്ടുണ്ടെന്നുള്ളത് ശരിയാണ്. അതിന്റെ ഭാഗമായി എന്തോ അനർഹമായ ആനുകൂല്യങ്ങൾ നേടിക്കൊണ്ടിരിക്കുന്ന ഒരു വിഭാഗമാണ് മുസ്ലീം വിഭാഗം എന്നൊരു ചിത്രം വരച്ചുകാണിക്കാൻ ചിലർ ശ്രമിച്ചുവെന്നത് തീർച്ചയായും ശരിയായിട്ടുള്ള ഒരു കാര്യമാണ്. അത് നാം ഗൗരവമായി കാണേണ്ടതായിട്ടുണ്ട്. നമ്മുടെ സമൂഹം മതനിരപേക്ഷ സമൂഹം എന്നനിലയ്ക്ക് മതനിരപേക്ഷത ശക്തിപ്പെടുത്തുന്ന നിലപാടുകളാണ് എല്ലാഭാഗത്തുനിന്നും ഉയർന്നുവരേണ്ടത്. ഇപ്പോൾ ഒരു ധവളപത്രം ഇറക്കേണ്ട ആവശ്യകതയൊന്നും ഇതുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നില്ല.

<u>ശ്രീ. ടി. വി. ഇബ്രാഹിം</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയതുപോലെ സമൂഹമാധ്യങ്ങളിൽ ഇതുമായി ബന്ധപ്പെട്ട വലിയരീതിലുള്ള പ്രചരണം വന്നപ്പോൾ അന്ന് സർക്കാർ ഇത് വ്യക്തമാക്കിയില്ല എന്നുള്ളതാണ് സാമൂഹിക അന്തരീക്ഷം കൂടുതൽ വഷളാകാനുണ്ടായ കാരണം. അതുകൊണ്ടാണ് ധവളപത്രം ഇറക്കുമോ

എന്ന് ചോദിച്ചത്. മദ്രസാദ്ധ്യാപകർ അംശദായമായി പ്രതിമാസം 100 രൂപ അടച്ചുകൊണ്ടാണ് ക്ഷേമനിധി നിലനിൽക്കുന്നത്. എന്നാൽ മറ്റ് ക്ഷേമനിധികൾ, ഉദാഹരണത്തിന് കർഷകത്തൊഴിലാളി ക്ഷേമനിധിയിൽ 10 രൂപയാണ് അടയ്ക്കുന്നത്. വർഷത്തിൽ 120 രൂപയാണ് അവർ അടയ്ക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞത് 2009-ൽ 10 കോടി രൂപയും 2016-ൽ 3.75 കോടി രൂപമാത്രമാണ് ഇതിന് കൊടുത്തിട്ടുള്ളതെന്നാണ്. എന്നാൽ എൽ.ഡി.എഫ്. സർക്കാർ വന്നതിനുശേഷം ഇതിലേയ്ക്ക് ഒരു നയാപൈസപോലും കൊടുത്തിട്ടില്ല. കെട്ടിടം മോടിപിടിപ്പിക്കാനുള്ള ചെലവ് 32 ലക്ഷം രൂപയാണ്. മാത്രമല്ല ക്ഷേമനിധി നിലനിൽക്കുന്നതിനുവേണ്ടി രൂപീകരിച്ച ക്ഷേമനിധി ബോർഡിന്റെ ചെയർമാന് ഒരു വലിയ തുക ഓണറേറിയമായി നൽകുന്നു. 18 പേരാണ് അതിൽ അംഗങ്ങളായിട്ടുള്ളത്. അവരുടെ യാത്രാബത്ത തുടങ്ങിയ ചെലവുകൾ മുഴുവൻ വഹിക്കുന്നത് ഈ പാവപ്പെട്ട മദ്രസാദ്ധ്യാപകർ കൊടുക്കുന്ന 100 രൂപ കൊണ്ടുള്ള ക്ഷേമനിധി വിഹിതത്തിൽനിന്നാണ്. സത്യത്തിൽ സർക്കാർ ഇതിനെ എന്താണ് ചെയ്തത്. ഈ അധിക ചെലവുകൾ നിയന്ത്രിക്കുവാനും ഇതിനെ സപ്പോർട്ട് ചെയ്യുവാനും സർക്കാർ

ഏത് രീതിയിലാണ് സഹായിക്കാൻ പോകുന്നത്?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അദ്ദേഹം യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമല്ല. മദ്രസാദ്ധ്യാപക ക്ഷേമനിധിക്ക് ഏതെങ്കിലും തരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടാകുന്നുയെന്നല്ല അദ്ദേഹം പറയുന്നത്. അങ്ങനെയുണ്ടെങ്കിൽ മാത്രമേ പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അങ്ങനെ ഒരു പ്രയാസം ഇപ്പോൾ നിലനിൽക്കുന്നില്ലായെന്നാണ് തോന്നുന്നത്. അതുകൊണ്ടാണ് അദ്ദേഹം അത് പറയാത്തത്. എന്നാൽ ഇതിന്റെ പേരിൽ സർക്കാരിനെയൊന്ന് കുറ്റപ്പെടുത്താനാകുമോ എന്നാണ് നോക്കുന്നത്. അത് അത്ര എളുപ്പത്തിൽ വേവുന്ന ഒരു കാര്യമല്ല. 2009 മുതൽ 2021 വരെ ഓഫീസ് എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്കായി 4,01,99,412/- രൂപ അനുവദിച്ചിട്ടുണ്ടെന്ന കാര്യം ചോദ്യത്തിന് ഉത്തരമായി പറഞ്ഞതാണ്. ഇപ്പോൾ എന്റെ കയ്യിൽ അതിന്റെ ഓരോ വർഷത്തെയും ഇനം തിരിച്ചുള്ള കണക്കില്ല. പക്ഷെ, ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അതുമായി ബന്ധപ്പെട്ട് മദ്രസാദ്ധ്യാപക ക്ഷേമനിധിക്ക് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ഉണ്ടായിട്ടില്ലായെന്നത് നാം

കാണേണ്ടതായിട്ടുണ്ട്. അദ്ദേഹം ചൂണ്ടിക്കാണിച്ച തരത്തിൽ മദ്രസാദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനത്തിനായി നേരത്തെ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനത്തിനിടയിൽ ഇനിയെന്തെങ്കിലും പ്രയാസമുണ്ടാകുമ്പോഴാണ് മറ്റുകാര്യങ്ങൾ ചിന്തിക്കേണ്ടത്. ഇപ്പോൾ ഒരു പ്രയാസവുമില്ലാതെ കാര്യങ്ങളെല്ലാം നടന്നുവരികയാണ്.

ശ്രീ. നജീബ് കാന്തപുരം: സർ, നമ്മുടെ സാമൂഹിക ജീവിതത്തെ ആഴത്തിൽ മുറിവേൽപ്പിക്കുന്ന തരത്തിലുള്ള വലിയ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾക്ക് കോപ്പുകൂട്ടുന്ന ഒരു സാഹചര്യമുണ്ട്. അതിന് സംഘ്പരിവാർ ആണ് കേരളത്തിൽ ഏറ്റവും കൂടുതൽ ശ്രമിച്ചുകൊണ്ടിരിക്കുന്നുയെന്നത് എല്ലാവർക്കും അറിയാം. എന്നാൽ വളരെ ആസൂത്രിതമായി ചില ക്രിസ്ത്യൻ വ്യാജ പ്രൊഫൈലുകൾ ഉപയോഗിച്ച് ഇത്തരത്തിലുള്ള പ്രചരണങ്ങൾക്ക് കൊഴുപ്പുകൂട്ടാൻ ഇപ്പോൾ ശ്രമിക്കുന്ന പ്രധാനപ്പെട്ട ഒരായുധം മദ്രസാദ്ധ്യാപകർക്ക് പൊതുഖജനാവിൽനിന്ന് വലിയ തുക നൽകുന്നുയെന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് അറുതിവരുത്തിക്കൊണ്ട് വളരെ കൃത്യതയോടെ മദ്രസാദ്ധ്യാപകർക്ക് ഒരു രൂപപോലും നൽകുന്നില്ലായെന്ന് സഭയിൽ വ്യക്തമാക്കുകയുണ്ടായി. ഈ

പ്രചരണം തടയാൻ വർഗ്ഗീയ അസ്വാസ്ഥ്യങ്ങൾ പ്രചരിപ്പിക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കാൻ തയ്യാറാകുമോ; ഇത്തരം പ്രചരണം നടത്തുന്നവർക്കെതിരെ ഇതുവരെ ഏതെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: നമ്മുടെ സമൂഹത്തിൽ സംഘ്പരിവാർ ഈ പ്രവർത്തനം നടത്തുന്നുയെന്ന് പറയുന്നത് ശരിയാണ്. അതിനോട് പൂർണ്ണമായും യോജിപ്പാണ് സർക്കാരിനുമുള്ളത്. അദ്ദേഹത്തിന്റെ ചോദ്യത്തിലെ ഒരു ഭാഗത്ത് പറഞ്ഞകാര്യം ശരിയായ രീതിയല്ല. നമ്മുടെ സമൂഹത്തിലെ പ്രധാന ജനവിഭാഗങ്ങൾ ഹൈന്ദവർ, മുസ്ലീങ്ങൾ, ക്രിസ്ത്യാനികൾ എന്നിവരാണല്ലോ. അതിനുപുറമെ മറ്റുവിഭാഗങ്ങളുമുണ്ട്. ഇതിൽ എല്ലാ വിഭാഗങ്ങളും മതനിരപേക്ഷതയ്ക്ക് ഊന്നൽ കൊടുത്തുകൊണ്ട് പ്രവർത്തിക്കുന്നവയാണ്. മതനിരപേക്ഷതയാണ് ഏറ്റവും കൂടുതൽ നമ്മുടെ സമൂഹത്തിൽ കരുത്ത് ആർജ്ജിക്കേണ്ടത്. ഭൂരിപക്ഷ-ന്യൂനപക്ഷ വ്യത്യാസമില്ലാതെ മഹാഭൂരിപക്ഷം പേരും മതനിരപേക്ഷതയ്ക്കുവേണ്ടി നിലക്കൊള്ളുന്നവരാണ്. എന്നാൽ വർഗ്ഗീയ താൽപ്പര്യത്തോടെ തെറ്റായ പ്രചരണങ്ങൾ അഴിച്ചുവിടുന്നവരുണ്ട്. ആ പ്രചരണങ്ങളിൽ നമ്മുടെ സമൂഹം

പൊതുവേ ജാഗ്രത പാലിക്കേണ്ടതായിട്ടുണ്ട്. ഞാൻ പറയാൻ ശ്രമിക്കുന്നത് ക്രൈസ്തവ സമൂഹം പൊതുവിൽ വർഗ്ഗീയമായ കാര്യങ്ങൾ അത്രയധികം ഉയർത്തികൊണ്ടുവരുന്ന ഒരു വിഭാഗമല്ലായെന്നത് നാം കാണേണ്ടതായിട്ടുണ്ട്. അത് വ്യാജ പ്രൊഫൈലാണ് എന്നുള്ളത് അദ്ദേഹം പറഞ്ഞപ്പോൾതന്നെ തിരുത്താനൊരു ശ്രമം അദ്ദേഹത്തിന്റെ സുഹൃത്തുക്കൾ നടത്തി. അതാണ് വസ്തുത. അതിൽ നമ്മൾ തെറ്റിദ്ധരിക്കേണ്ടതില്ല. പല രൂപത്തിൽ പല വേഷത്തിൽ ഈ വർഗ്ഗീയ ശക്തികൾ വന്നുവെന്ന് വരും. ചിലപ്പോൾ തെറ്റായ രീതികൾ അതായത് മറ്റുള്ളവരുടെ പേരുകളടക്കം സ്വീകരിച്ചുകൊണ്ട് ഈ പ്രചരണത്തിന് ആക്കം കൂട്ടിയെന്ന് വരും, അതിൽ നമ്മൾ കുടുങ്ങാതിരുന്നാൽ മതി. അത്തരം കാര്യങ്ങളിൽ നമുക്ക് യോജിച്ചുനിന്നുകൊണ്ട് വർഗ്ഗീയ നീക്കങ്ങളെ പൂർണ്ണമായും എതിർക്കുന്ന നിലപാട് സ്വീകരിക്കാം.

<u>ശ്രീ. മഞ്ഞളാംകുഴി അലി</u>: സർ, ന്യൂനപക്ഷ ക്ഷേമനിധിക്കുവേണ്ടി 2010-ൽ അന്നത്തെ വി. എസ്. അച്യുതാനന്ദൻ സർക്കാർ കോഴിക്കോട് സർവ്വീസ് സഹകരണ ബാങ്കിൽ 10 കോടി രൂപ കോർപ്പസ് ഫണ്ടായി പലിശ അടിസ്ഥാനത്തിൽ നിക്ഷേപിച്ചിരുന്നു. പലിശകൊണ്ടാണ് ഈ

ക്ഷേമനിധി പ്രവർത്തിക്കുന്നതെന്ന് മനസ്സിലാക്കിയ അദ്ധ്യാപകർ ക്ഷേമനിധിയിൽ ചേരാൻ വൈമനസ്യം പ്രകടിപ്പിച്ചു. ഇത് മനസ്സിലാക്കിക്കൊണ്ടാണ് പിന്നീടുവന്ന യു.ഡി.എഫ്. സർക്കാർ ആ സംഖ്യ ട്രഷറിയിലേയ്ക്ക് മടക്കി നിക്ഷേപിക്കുകയും വർഷംതോറും ഗ്രാന്റ് എന്ന അടിസ്ഥാനത്തിൽ പണം നൽകുകയും ചെയ്തത്. അതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ 3.75 കോടി രൂപ ഗ്രാന്റായി ക്ഷേമനിധിയിലേയ്ക്ക് നൽകി. അതിനുശേഷം വന്ന എൽ.ഡി.എഫ്. സർക്കാർ ഇതുവരെയും ഒരു നയാപൈസപോലും ആ ക്ഷേമനിധിയിലേയ്ക്ക് നൽകിയിട്ടില്ല. ഇതുനൽകാൻ ഉദ്ദേശിക്കുന്നുണ്ടോ? എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചതെന്ന് വിശദീകരിക്കുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ക്ഷേമനിധിയുടെ നടത്തിപ്പിന് എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടാകുമ്പോൾ അതിനാവശ്യമായ സഹായം സംസ്ഥാന സർക്കാർ ചെയ്യുമെന്ന് നേരത്തെതന്നെ ഞാൻ വ്യക്തമാക്കിയതാണ്. ഇപ്പോൾ മറ്റുതരത്തിലുള്ള പ്രയാസങ്ങൾ ഉണ്ടായിട്ടില്ല എന്നുള്ളതുകൊണ്ടുതന്നെയാണ് അവർക്ക് അതുമായി ബന്ധപ്പെട്ട് വലിയ തോതിലുള്ള പ്രശ്നങ്ങളുണ്ടാകാതെ പോകുന്നത്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയൊക്കെയുണ്ടായിരുന്ന ഇന്നലത്തെ കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്തിരുന്നതാണ്. ഫ്ലോറിൽ വരുന്ന ചോദ്യങ്ങൾക്ക് തലക്കെട്ട് കൊടുക്കുന്നതും മറ്റ് കാര്യങ്ങൾ ചെയ്യുന്നതുമൊക്കെ നിയമസഭാ സെക്രട്ടേറിയറ്റാണ്. ഇല്ലാത്ത കാര്യങ്ങൾ പറഞ്ഞ് സമൂഹത്തിൽ വ്യാജപ്രചരണം നടത്തി വർഗ്ഗീയ ചേരിതിരിവുണ്ടാക്കാൻ ശ്രമിക്കുന്ന തരത്തിലുള്ള ചോദ്യങ്ങളാണ് ഇവിടെ വന്നത്. ശ്രീ. നജീബ് കാന്തപുരം വ്യാജ പ്രൊഫൈൽ എന്ന് പറഞ്ഞുവെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം അങ്ങനെ പറഞ്ഞോ ഇല്ലയോ എന്നുള്ളത് പരിശോധിക്കാം. സമൂഹത്തിൽ ഇത്തരത്തിലുള്ള ചേരിതിരിവുണ്ടാക്കാൻ വേണ്ടി ഇല്ലാത്ത കാര്യങ്ങൾ പറയുകയാണ്. അങ്ങനെയാണ് ഇതിന് തലക്കെട്ട് കൊടുക്കേണ്ടിയിരുന്നതും ചോദ്യം വരേണ്ടിയിരുന്നതും. ചോദ്യം ചോദിച്ചവരുടെ ഉദ്ദേശമെന്താണെന്നുള്ളത് അവരുടെ ചോദ്യത്തിൽനിന്ന് മനസ്സിലായല്ലോ. സാമുദായിക വിഭജനമുണ്ടാക്കാൻവേണ്ടി ഇല്ലാത്ത കാര്യങ്ങൾ പറയുന്നുവെന്നാണ് ചോദ്യമായി വന്നത്.

<u>മി. സ്പീക്കർ</u>: ചോദ്യത്തിന്റെ തലക്കെട്ട് തെറ്റിദ്ധരിപ്പിക്കുന്നതല്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, തെറ്റിദ്ധരിപ്പിക്കുന്നതാണ്. കാരണം, ഏത് ക്ഷേമനിധിയാണെങ്കിലും ഒന്നുകിൽ അവരുടെ പണമെടുത്ത് ക്ഷേമനിധിയുണ്ടാക്കും. സർക്കാർ അതിന് മുൻകയ്യെടുക്കും. അല്ലെങ്കിൽ ചെറിയ കോൺട്രിബ്യൂഷൻ സർക്കാർ വഹിക്കും. ഈ പ്രചരണം വന്നപ്പോൾ ഇവിടെ സംഭവിച്ചതെന്താണെന്ന് ഞങ്ങൾ പരിശോധിച്ചതാണ്. സർക്കാർ കൂടുതലായി തുകയൊന്നും കൊടുക്കുന്നില്ല. പക്ഷേ ബോർഡ് മെമ്പർമാരായി 18 അംഗങ്ങളെ നിയമിച്ചിരിക്കുന്നു. അവരുടെ ചെലവിൽ കാറും ചെയർമാനെയും കൊടുത്തിരിക്കുന്നു. എന്നിട്ട് വലുതായി എന്തോ കൊടുത്തിരിക്കുന്നുവെന്ന തരത്തിലുള്ള വ്യാജ പ്രചരണം നടത്തുന്നു. ഇതൊന്നും നല്ലതല്ല. അതുകൊണ്ടാണ് വ്യാജ പ്രൊഫൈൽ ഉപയോഗിച്ചുകൊണ്ട് എന്ന് പറഞ്ഞത്. ഇത്തരം വ്യാജ പ്രചരണങ്ങൾക്കെതിരായി മെമ്പർമാർ കൊടുത്ത മഹത്തായ ചോദ്യം അതിന്റെ തലക്കെട്ടുകൊണ്ടും അവതരണംകൊണ്ടും തലതിരിഞ്ഞിരിക്കുന്നുവെന്നാണ് ഞാൻ ചൂണ്ടിക്കാണിച്ചത്. വ്യാജ പ്രചരണത്തിലൂടെ സാമുദായിക വിഭജനമുണ്ടാക്കുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ശ്രദ്ധിക്കണമെന്ന തരത്തിലുള്ള

ഉപചോദ്യങ്ങളാണ് ഇവിടെ വരേണ്ടത്. അല്ലാതെ കൂടുതൽ ക്ഷേമനിധി വരുത്തണമെന്നോ അദ്ധ്യാപകർക്ക് ശമ്പളം കൊടുക്കണമെന്നോ ആരും ആവശ്യപ്പെട്ടിട്ടില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അക്കാര്യം വിശദീകരിക്കുന്നത് സമൂഹത്തിന് നല്ലതാണെന്നുമാത്രമേ ഞാൻ പറയുന്നുള്ളൂ.

ശ്രീ. പിണറായി വിജയൻ: സർ, ക്ഷേമനിധി ബോർഡിൽ അംഗങ്ങൾ കൂടുതലുണ്ടോ എന്നുള്ളത് പരിശോധിക്കാം. അതിന്റെ ഘടന എങ്ങനെയാണെന്ന് പരിശോധിക്കുന്നതിൽ തെറ്റില്ല. മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമായി ചെയ്യുന്നുണ്ടെന്നുള്ളതാണ് നാം കാണേണ്ടത്. ഭവന വായ്പയുടെ കണക്ക് നോക്കിയാൽ, 2016-17-ൽ 113 പേർക്കായി രണ്ട് കോടി മുപ്പത്തിയൊമ്പത് ലക്ഷം രൂപയും 2017-18-ൽ 101 പേർക്കായി രണ്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി അറുപത്തിയയ്യായിരം രൂപയും 2018-19-ൽ 80 പേർക്കായി ഒരു കോടി എഴുപത്തിനാല് ലക്ഷത്തി പതിനയ്യായിരം രൂപയും 2019-20-ൽ 100 പേർക്കായി ഒരു കോടി മുപ്പത്തിമൂന്ന് ലക്ഷത്തി തൊണ്ണൂറായിരം രൂപയും 2020-21-ൽ 74 പേർക്കായി ഒരു കോടി ആറ് ലക്ഷത്തി ഇരുപത്തിയയ്യായിരം രൂപയും നൽകിയിട്ടുണ്ട്. രണ്ടര ലക്ഷം രൂപ

വീതമാണ് നൽകുന്നത്. ഈ തുക ഒന്നിച്ചല്ല നൽകുന്നത്. അതുകൊണ്ടാണ് മൊത്തം തുകയിൽ വ്യത്യാസം വരുന്നത്. ഇത് കൃത്യമായി മദ്രസ ബോർഡ് നിർവ്വഹിച്ചുവരികയാണ്. മാത്രമല്ല, ചികിത്സാ സഹായമായി 500/- രൂപ മുതൽ 25,000/- രൂപ വരെയും പ്രസവാനുകൂല്യമായി 15,000/- രൂപയും മരണാനന്തര ധനസഹായമായി 10,000/- രൂപ മുതൽ 50,000/- രൂപ വരെയും മരണപ്പെട്ട അംഗങ്ങളുടെ ആശ്രിതർക്ക് സംസ്കാര ചടങ്ങുകൾക്കായി 5,000/- രൂപയും പെൻഷൻകാരുടെ ആശ്രിതർക്ക് 3,000/- രൂപയും നൽകുന്നുണ്ട്. ഇതൊക്കെ എൽ.ഡി.എഫ്. സർക്കാർ തുടങ്ങിയ പദ്ധതികളാണ്. യു.ഡി.എഫ്. സർക്കാരും ചില കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതിൽ മെരിറ്റ് അവാർഡായി 2,000/- രൂപയും വിവാഹ ധനസഹായമായി 10,000/- രൂപയും പെൻഷനായി 500/- രൂപയും നൽകിയിരുന്നു. എല്ലാ സർക്കാരുകളും ഈ വിഭാഗത്തിനെ സഹായിക്കുന്ന നിലപാടാണ് എടുത്തിട്ടുള്ളത്.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ചോദ്യത്തിന്റെ തലക്കെട്ട് വളച്ചൊടിച്ചുവെന്ന പ്രസ്താവന നടത്തിയത് നിർഭാഗ്യകരമാണ്. കാരണം, '(എ)' മുതൽ '(ഇ)' വരെയുള്ള ചോദ്യങ്ങൾ നോക്കിയാൽ

പ്രതിപക്ഷ ഉപനേതാവ് പറഞ്ഞതുപോലെയല്ലെന്ന് കാണാൻ കഴിയും. മാത്രമല്ല, ചോദ്യകർത്താക്കൾ മൂന്നുപേരും അങ്ങനെയൊരു ആക്ഷേപം ഉന്നയിച്ചിട്ടുമില്ല. സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും വീഴ്ച വന്നിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുകയും അത് അംഗീകരിച്ച് ചെയർ റൂളിംഗ് നൽകുകയും ചെയ്തിട്ടുണ്ട്. ഇതിൽ അത്തരമൊരു പ്രസ്താവന നടത്തിയത് നിർഭാഗ്യകരമാണ്.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഇന്നലെ കക്ഷിനേതാക്കളുടെ യോഗത്തിൽ ചർച്ച ചെയ്ത വിഷയം ക്വാട്ട് ചെയ്തുകൊണ്ടാണ് ഞാൻ പറഞ്ഞത്. അതായത് ചില ചോദ്യങ്ങൾ ഫ്ലോറിൽ വരുമ്പോൾ ആ ചോദ്യം അപ്രസക്തമോ റെലവൻസില്ലാത്തതോ തെറ്റിദ്ധാരണയുണ്ടാക്കുന്നതോ ആണെങ്കിൽ.......

<u>മി. സ്പീക്കർ</u>: ഇതിൽ അങ്ങനെ സംഭവിച്ചിട്ടില്ല.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, അങ്ങനെ സംഭവിക്കാറുണ്ടെന്ന് കക്ഷിനേതാക്കളുടെ യോഗത്തിൽ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞു. ഇതിനെ സംബന്ധിച്ചല്ല, ജനറലായി പറഞ്ഞതാണ്. അത്തരം കാര്യങ്ങൾ റിജക്ട് ചെയ്യാൻ നിയമസഭാ സ്പീക്കറിന് അധികാരമുണ്ടല്ലോയെന്ന്

അപ്പോൾ ഞാൻ പറഞ്ഞിരുന്നു. നിയമസഭാ സെക്രട്ടേറിയറ്റ് ഇക്കാര്യം ശ്രദ്ധിക്കേണ്ടതായിരുന്നു എന്നാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: ഇക്കാര്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിന്റെ ഭാഗത്തുനിന്നും വീഴ്ചയുള്ളതായി കാണാനാവില്ല.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, മദ്രസ അദ്ധ്യാപകർക്ക് ക്ഷേമനിധിയുണ്ട്. എന്നാൽ കോവിഡ് വന്നതിനുശേഷം മദ്രസ്സകളെല്ലാം അടച്ചിട്ടിരിക്കുകയാണ്. അവർക്ക് പള്ളികളിൽനിന്നാണ് ശമ്പളം കൊടുക്കുന്നത്. യഥാർത്ഥത്തിൽ മദ്രസ അദ്ധ്യാപകർക്ക് ശമ്പളം ലഭിക്കുന്നില്ല. ഇക്കാര്യത്തിൽ അവരെ സഹായിക്കാൻ സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, മദ്രസ അദ്ധ്യാപക ക്ഷേമനിധിയുടെ കാര്യമാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. അക്കാര്യത്തിൽ ആവശ്യമായ സഹായമെന്തെങ്കിലും വേണ്ടതുണ്ടെങ്കിൽ ചെയ്യുമെന്ന് ഞാൻ നേരത്തെ വ്യക്തമാക്കിയിട്ടുണ്ട്.

## സൈബർ കുറ്റകൃത്യങ്ങൾ

4 (*123) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈബർ ഇടപാടുകളുടെ ഭാഗമായി ജനങ്ങൾ ചതിയിൽപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സൈബർ ഇടപാടുകളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട കരുതലുകൾ സംബന്ധിച്ച് സാധാരണ ജനങ്ങൾക്കാവശ്യമായ ബോധവൽക്കരണം നൽകുന്ന കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കാമോ;

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) സൈബർ ഇടപാടുകൾ അതിവേഗം പ്രചാരത്തിൽ വരുന്ന സാഹചര്യത്തിൽ സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള സംവിധാനങ്ങൾ പരിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പോലീസ് വകുപ്പിലെ ബോധവൽക്കരണത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നത് സ്റ്റേറ്റ് പോലീസ് മീഡിയാ സെന്ററും

പോലീസ് സോഷ്യൽ മീഡിയ സെല്ലുമാണ്. സൈബർ അപകടങ്ങൾ, അവയിലെ ചതിക്കുഴികൾ എന്നിവയെപ്പറ്റി വീഡിയോ, ചിത്രങ്ങൾ, പോസ്റ്ററുകൾ തുടങ്ങിയവ നിർമ്മിച്ച് സമൂഹ മാധ്യമങ്ങളിലൂടെ വ്യാപകമായി പ്രചരണം നടത്തുന്നുണ്ട്. ഇന്ന് ലോകത്തെ ഏറ്റവും ശ്രദ്ധേയമായ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമാണ് കേരളാ പോലീസിന്റേത്. ഏകദേശം 5 ലക്ഷത്തിലധികം പേർ ഇതിലെ ഉള്ളടക്കങ്ങൾ പങ്കുവയ്ക്കുകയോ ഇഷ്ടപ്പെടുകയോ ചെയ്യുന്നതായി കണ്ടിട്ടുണ്ട്. ഇതിനുപുറമേ പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിനുള്ള വിവിധ തലത്തിലുള്ള ക്ലാസുകളും നൽകിവരുന്നുണ്ട്.

(സി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ സൈബർ പട്രോളിംഗ്, സാമ്പത്തിക തട്ടിപ്പുകൾക്കെതിരായി റിസർവ് ബാങ്കുമായി ചേർന്നുള്ള പ്രവർത്തനങ്ങൾ, സർക്കാർ-അർദ്ധ സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റിന്റെ സുരക്ഷാ

പരിശോധനകൾ, റാൻസംവയർ/മാൽവെയർ അറ്റാക്ക് എന്നിവയെക്കുറിച്ചുള്ള അനാലിസിസ് തുടങ്ങിയവ ചെയ്തുവരുന്നു. സംസ്ഥാനത്തിന്റെ ഡിജിറ്റൽ അസെറ്റുകളുടെ സുരക്ഷയ്ക്കാവശ്യമായ സാങ്കേതിക വിദ്യാകേന്ദ്രമായി പ്രവർത്തിക്കുന്നതിനുപുറമേ സാമ്പത്തിക-സോഷ്യൽ മീഡിയാ തട്ടിപ്പുകൾ തടയുന്നതിനാവശ്യമായ സോഫ്റ്റ്‌വെയറുകൾ നിർമ്മിക്കുന്നതിനുള്ള നടപടികളും സൈബർ ഡോം സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ സൈബർ ഡോമിന്റെ മികവിന് ദേശീയ/അന്തർദേശീയ അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

(ഡി) സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ കൂടിവരുന്ന പശ്ചാത്തലത്തിൽ, അവ കൈകാര്യം ചെയ്യുന്നതിനും കുറ്റാന്വേഷണത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി, 19 സൈബർ പോലീസ് സ്റ്റേഷനുകൾ, 3 സൈബർ ഡോമുകൾ, ഹൈ-ടെക് സൈബർ ക്രൈം എൻക്വയറി സെൽ എന്നിവ സംയോജിപ്പിച്ച് Cyber Crime Investigation Division (CCID) ആരംഭിക്കുന്നതാണ്. കൂടാതെ Technical Support നൽകുന്നതിന് Cyber Operations & Security Division (COSD)

ആരംഭിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. വിവിധ പോലീസ് പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നതിനുള്ള ഉപകരണങ്ങൾ വികസിപ്പിക്കുന്നതിന് കൃത്രിമബുദ്ധി സാങ്കേതിക വിദ്യക്ക് നിർണ്ണായക പങ്കുണ്ട്. Data-കൾ, ഫോട്ടോഗ്രാഫുകൾ, CCTV Footage-കൾ, കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട രേഖകൾ, തെളിവ് ഫയലുകൾ തുടങ്ങിയവയുടെ അതിവേഗ വിശകലനത്തിന് ഈ സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി വരുന്നു. ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ഡ്രോൺ സാങ്കേതിക വിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെയുംകുറിച്ച് പഠിക്കുക എന്ന ലക്ഷ്യത്തോടെ ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. Unmanned Arial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്ന ഇടമാക്കി മാറ്റുവാൻ ഇതുവഴി സാധിക്കും. ഡ്രോൺ ഫോറൻസിക് ലാബ് ഡ്രോണുകളുടെ ദുരുപയോഗം കണക്കിലെടുത്ത്, അവയുടെ സഞ്ചാരപദവും മറ്റുവിവരങ്ങളും ശാസ്ത്രീയമായി പരിശോധിക്കുന്നതിന് സഹായിക്കുന്ന ഡ്രോൺ ഫോറൻസിക് ലാബ്

ആരംഭിക്കും. ഡാർക്ക് നെറ്റ് മോണിറ്ററിംഗ് ടൂൾ ഡാർക്ക് നെറ്റ് വഴി മയക്കുമരുന്ന് കടത്ത്, ഭീകരവാദ പ്രവർത്തനങ്ങൾ, ചൈൽഡ് പോണോഗ്രാഫി, റാൻസംവെയർ/മാൽവെയർ അറ്റാക്ക് തുടങ്ങിയ നിയമ വിരുദ്ധ പ്രവർത്തനങ്ങളും തടയേണ്ടത് അനിവാര്യമാണ്. റിസർച്ച് & അനാലിസിസ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ഡാർക്ക് നെറ്റ് അനാലിസിസിനുവേണ്ടി ഒരു ബേസിക് ടൂൾ ഡെവലപ് ചെയ്തിട്ടുണ്ട്. നിലവിലുള്ള ഫീച്ചറുകൾക്കുപുറമെ ഈ ടൂളിനോടുകൂടി കൂടുതൽ ഫീച്ചർ ഉൾപ്പെടുത്തിയുള്ള ടൂൾ ഡെവലപ്മെന്റ്, ‘ Hac-KP 2021’ -ന്റെ ഭാഗമായി നടന്നുവരുന്നു. വിക്ടിം ഐഡന്റിഫിക്കേഷൻ സിസ്റ്റം സാമൂഹ്യ മാധ്യമങ്ങൾ, ഡാർക്ക്നെറ്റ് തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതിനെത്തുടർന്ന് നടത്തിയ അന്വേഷണങ്ങളിൽ പ്രാദേശിക കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) കണ്ടെത്തിയിരുന്നു. ഇത്തരത്തിൽ ലഭിക്കുന്ന അന്വേഷണങ്ങളിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞുമനസ്സിലാക്കുകയും കുട്ടികളെ വിദഗ്ദ്ധ കൗൺസലിങ്ങിനായി നിർദ്ദേശിക്കുകയും ചെയ്തുവരുന്നു.

കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽ നിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കം ചെയ്യാനും CCSE (Counter Child Sexual Exploitation) യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്.

ശ്രീ. വാഴൂർ സോമൻ: സർ, കോവിഡ് വ്യാപനത്തെത്തുടർന്ന് കേരള സമൂഹത്തിൽ കൊച്ചുകുട്ടികൾ മുതൽ എല്ലാവരും മൊബൈൽ ഫോണും ഇന്റർനെറ്റുമെല്ലാം ഉപയോഗിക്കുന്ന സാഹചര്യം സംജാതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ അഞ്ചാം ക്ലാസ്സ് മുതൽ കോളേജ് തലം വരെയുള്ള വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ ഉപയോഗിക്കുന്നതായി റിപ്പോർട്ടുകളുണ്ട്. പോലീസ് സംവിധാനം വഴിയുള്ള സൈബർ നിരീക്ഷണം ശക്തിപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടികളുണ്ടാകുമെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുകയും വേണം. അങ്ങ് ഇക്കാര്യം പരിശോധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ചെറിയ കുട്ടികൾ വലിയ തോതിൽ സൈബർ കാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണ്. പഠനത്തിന്റെ ഭാഗമായി ഓൺലൈൻ ക്ലാസ്സുകൾ ആരംഭിച്ചപ്പോൾ ഡിജിറ്റൽ ഉപകരണങ്ങൾ

വ്യാപകമായി ഉപയോഗിക്കുകയാണ്. അക്കാര്യത്തിൽ ഒരു കരുതൽ ഉണ്ടാകണമെന്നുള്ളത് ശരിയാണ്. പോലീസിന് മറ്റു പരാതികൾ വരുമ്പോഴാണ് ഇടപെടാൻ കഴിയുക. പക്ഷെ ഓരോ കുടുംബവും കുട്ടികളുടെ കാര്യത്തിൽ വളരെയധികം ജാഗ്രത കാണിക്കുന്നവരാണ്. പക്ഷെ, ഈ ഭാഗം കുറേക്കൂടി ജാഗ്രതയോടെ കാണേണ്ടതായിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങളുടെ ഉപയോഗം, മറ്റേതെങ്കിലും തലത്തിലേയ്ക്ക് പോകുന്നുണ്ടോ എന്നത് ഓരോ കുടുംബവും ശ്രദ്ധിക്കേണ്ട ഒരവസ്ഥയുണ്ടെന്നുതന്നെയാണ് നമ്മുടെ ചില അനുഭവങ്ങൾ കാണിക്കുന്നത്.

<u>ശ്രീ. വാഴൂർ സോമൻ</u>: സർ, ടെലികോം വകുപ്പ് കേന്ദ്ര സർക്കാരിനു കീഴിലാണ്. മൊബൈൽ, ഇന്റർനെറ്റ് സേവനദാതാക്കളുടെ കുറ്റകരമായ നിസ്സഹരണം സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് വലിയ തടസ്സങ്ങളുണ്ടാക്കുന്നുണ്ട്. ബി.എസ്.എൻ.എൽ. (ഭാരത് സഞ്ചാർ നിഗം ലിമിറ്റഡ്) ഉൾപ്പെടെയുള്ള കമ്പനികൾ ഇത്തരം നിലപാടാണ് സ്വീകരിക്കുന്നത്. സൈബർ പോലീസിന് ലഭിക്കുന്ന ഒരു പരാതിയിന്മേൽ ഇന്റർനെറ്റ് സേവനദാതാക്കൾ വിവരങ്ങൾ നല്കുവാൻ തയ്യാറാകുന്നില്ല. എഫ്.ഐ.ആർ. (ഫസ്റ്റ് ഇൻഫർമേഷൻ റിപ്പോർട്ട്) രേഖപ്പെടുത്തിയതിനു

ശേഷം മാത്രമേ അവർ വിവരങ്ങൾ നല്കാൻ തയ്യാറാകുന്നുള്ളൂ. ഇത്തരം പരാതികളിൽ പലരും എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്യുവാൻ താല്പര്യം കാണിക്കില്ല. ഇക്കാര്യങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, നമ്മുടെ സമൂഹം പൊതുവേ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടികാണിച്ചത്. വിവിധ ഘടകങ്ങൾ ഒത്തുവരുന്ന കാര്യമാണിത്. അത്രയും സൂക്ഷ്മതയോടുകൂടിയായിരിക്കണം ഈ വിഷയം കൈകാര്യം ചെയ്യേണ്ടത്. എന്നാൽ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഒരു പ്രയാസവുമില്ല. പക്ഷെ ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചിലർ അതുമായി ബന്ധപ്പെട്ട പരാതികൾക്ക് തയ്യാറാകുന്നില്ലെന്ന അവസ്ഥയുമുണ്ട്. കൂടുതൽ പ്രശ്നങ്ങളിലേയ്ക്ക് പോകണ്ട എന്ന ചിന്തയുടെ ഭാഗമായിട്ടാണ് അത്തരം സാഹചര്യങ്ങളുണ്ടാകുന്നത്. പക്ഷെ അത്, കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതിനാണ് ഇടയാക്കുന്നതെന്ന് മനസ്സിലാക്കി അതിലിടപെടുന്ന രീതി വേണം സ്വീകരിക്കേണ്ടത്. പോലീസ് കൃത്യമായി തന്നെ സൈബർ ഡോം വഴിയുള്ള ഇടപെടലുകൾ, നിരീക്ഷണ സംവിധാനങ്ങൾ എന്നിവ ശക്തിപ്പെടുത്തുന്നുണ്ട്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, സോഷ്യൽ മീഡിയയെ വളരെ വ്യാപകമായി ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടമാണ് നിലവിലുള്ളത്. പ്രത്യേകിച്ച് മൊബൈൽ ഉപയോഗിച്ചുകൊണ്ട് നടക്കുന്ന ഗെയിമുകളുമായി ബന്ധപ്പെട്ട് ഒട്ടേറെ സംഭവങ്ങൾ അനുദിനം റിപ്പോർട്ട് ചെയ്യപ്പെടുന്ന ഒരു സാഹചര്യം കൂടിയുണ്ട്. പല സന്ദർഭങ്ങളിലായി ഉണ്ടായിട്ടുള്ള റിപ്പോർട്ടുകളെ അടിസ്ഥാനപ്പെടുത്തി, എഞ്ചിനീയറിംഗിനും പ്രൊഫഷണൽ കോളേജുകളിലുമൊക്കെ പഠിക്കുന്ന വിദ്യാർത്ഥികളുൾപ്പെടെയുള്ളവർ ഗെയിമിൽ പങ്കെടുക്കുകയും പിന്നീട് ആത്മഹത്യ ചെയ്യതുൾപ്പെടെയുള്ള പ്രശ്നങ്ങൾ ഉണ്ടായിട്ടുണ്ട്. ഇത് ബ്ലോക്ക് ചെയ്യുന്നതിനുള്ള എന്തെങ്കിലും സംവിധാനം മൊബൈലിൽ സാധ്യമാക്കാൻ കഴിയുമോ? പോലീസ് സംവിധാനത്തിലൂടെ അതിനെ തടയുന്നതിന് എന്തെങ്കിലും മാർഗം സ്വീകരിക്കുവാൻ സാധിക്കുമോ? ഇത് സമൂഹത്തെ ബോധ്യപ്പെടുത്തുവാൻ നമുക്കെന്തൊക്കെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും?

ശ്രീ. പിണറായി വിജയൻ: സർ, ഇതൊരു ഗൗരവമായ വിഷയം തന്നെയാണ്. സേവനദാതാക്കൾക്ക് ചില കാര്യങ്ങൾ നിയന്ത്രിക്കുവാൻ സാധിക്കും. ഡിജിറ്റൽ ഉപകരണങ്ങൾ വിദ്യാർത്ഥികൾക്ക് നല്കുവാനുള്ള

പ്രവർത്തനങ്ങൾ സമൂഹത്തിൽ ആകെ നടക്കുകയാണ്. സംസ്ഥാന സർക്കാർ സേവനദാതാക്കളെ അറിയിക്കുന്നൊരു കാര്യം ഇത്തരത്തിലുള്ള ദുരുപയോഗങ്ങൾ തടയുന്നതിന് സാധിക്കണം എന്നതാണ്. അതിനുള്ള നിയന്ത്രണങ്ങൾ ഡിജിറ്റൽ ഉപകരണത്തിലുണ്ടാകണം. അതില്ലാതെയായിരിക്കണം കുട്ടികൾക്ക് പ്രവർത്തന സൗകര്യം കിട്ടുന്നത്. അത്തരത്തിൽ ഏകദേശം നടപ്പിലാക്കാനാകും എന്നൊരു ധാരണയിലാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. അത് അവരുമായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. അത് സേവനദാതാക്കൾ വിചാരിച്ചാൽ സാധിക്കും. യു.എ.ഇ.-യിൽ നിന്നു വാങ്ങുന്ന ഫോണാണെങ്കിൽ അതിൽ ഫെയിസ് ടൈം പോലുള്ള സൗകര്യങ്ങളുണ്ടാകില്ല. സേവനദാതാക്കൾക്ക് അത് ഒഴിവാക്കുവാൻ കഴിയും എന്നാണല്ലോ ഇതിൽനിന്ന് വ്യക്തമാകുന്നത്. അത്തരം നടപടികൾ സ്വീകരിക്കുവാൻ കഴിയും. പക്ഷെ രാജ്യത്ത് നിയമമായി വന്നാൽ മാത്രമേ അതു സാധിക്കുകയുള്ളൂ എന്ന അവസ്ഥയുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ഡിജിറ്റൽ ഉപകരണങ്ങളിൽ പലതരം ഗെയിമുകൾ കളിച്ച് നമ്മുടെ വിദ്യാർത്ഥികൾ, അതിന് അടിമപ്പെടുകയാണ്. 95 ശതമാനവും ആൺകുട്ടികളാണ്. ഇന്റർനെറ്റ്

ഗെയിമുകൾ കളിച്ച്, പണം മതിയാകാതെ വന്നപ്പോൾ രക്ഷിതാവിന്റെ അക്കൗണ്ടിൽ നിന്ന് പണമെടുത്ത സംഭവം ഓർക്കണം. രക്ഷിതാവ് പോലീസിൽ പരാതി നല്കിയപ്പോൾ, പോലീസെത്തിയത് പരാതിക്കാരന്റെ വീട്ടിലാണ്. ഇതോടൊപ്പം കുട്ടികളിൽ വലിയ തോതിൽ psychic പ്രശ്നവും ഉയർന്നുവരുന്നുണ്ട്. അതിന്റെ റിപ്പോർട്ട് ഒരുപക്ഷെ ഗവൺമെന്റിനു ലഭിച്ചുകാണും. ഓൺലൈൻ വിദ്യാഭ്യാസം നടക്കുന്ന സമയമായതിയാൽ, ഒരളവോളം മക്കളെ ഇതിൽ നിന്ന് മോചിപ്പിക്കുവാൻ കഴിയുന്ന സംവിധാനം കൊണ്ടുവരേണ്ടതാണ്. ഫോണിന്റെ സെറ്റിംഗ്സിൽ പാരന്റൽ കൺട്രോൾ ഉപയോഗിച്ച് ഫോണിലും ലാപ് ടോപ്പിലും, യൂട്യൂബിലുമുൾപ്പെടെവരുന്ന ഗെയിമുകളും തടയാൻ വിദ്യാലയങ്ങളിൽ, രക്ഷിതാക്കളുമായി ബന്ധപ്പെട്ട് സൈബർ പോലീസിന്റെ സഹായത്തോടെ ആവശ്യമായ നടപടി സ്വീകരിക്കുവാൻ കഴിയുമോ?

<u>ശ്രീ. പിണറായി വിജയൻ</u>: സർ, ബോധപൂർവ്വം ചില ക്ഷുദ്ര ശക്തികൾ ഇത് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അതാണ് നാം കാണേണ്ടത്. ഡാർക്ക് നെറ്റ് പോലെയുള്ള ചില പ്ലാറ്റ്ഫോമുകൾ കുട്ടികളെ തെറ്റായ രീതിയിൽ ഉപയോഗിക്കുവാൻവേണ്ടി ബോധപൂർവ്വമുള്ള ശ്രമമാണ്

നടത്തിക്കൊണ്ടിരിക്കുന്നത്. പല കുട്ടികളും ഇതിൽ വീണുപോകുന്നുമുണ്ട്. അതിനെതിരെയുള്ള കൃത്യമായ ഒരു ബോധവല്ക്കരണം ഉയർന്നുവരേണ്ടതായിട്ടുണ്ട്. ഇത് കുട്ടികളെ മാനസികമായി കീഴ്പ്പെടുത്തുകയാണ് ചെയ്യുന്നത്. അത് ഒരു ദിവസം കൊണ്ടല്ല. തുടർച്ചയായുള്ള ഇടപെടലിലൂടെയാണ് സാധ്യമാകുന്നത്. ആത്മഹത്യയിലേയ്ക്ക് കുട്ടികളെ നയിക്കുന്ന പ്രശ്നങ്ങൾ, നേരത്തെ ചർച്ചചെയ്ത കാര്യങ്ങളിലൊന്നാണ്. പടിപടിയായി ഒരു പ്രത്യേക ഘട്ടത്തിലെത്തുമ്പോൾ ആത്മഹത്യയിലേയ്ക്കെത്തിക്കുകയാണ് ചെയ്യുന്നത്. അത്തരത്തിലുള്ള ഒരു അടിമപ്പെടുത്തൽ ഇതിന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. ഇക്കാര്യത്തിൽ കൂടുതൽ ശക്തമായ നടപടികൾ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ചില കാര്യങ്ങളിൽ സെക്ഷ്വൽ എക്സ്പ്ലോയിറ്റേഷൻ അടക്കം നടക്കുന്നുണ്ടെന്നത് നാം മനസ്സിലാക്കേണ്ട കാര്യമാണ്. രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞു മനസ്സിലാക്കുക, കുട്ടികളെ വിദഗ്ദ്ധ കൗൺസിലിംഗിന് വിധേയമാക്കുക, അതോടൊപ്പം അന്താരാഷ്ട്രതലത്തിലുള്ള സംഘടനകളുടെയടക്കം സഹായത്തോടെ ഇത്തരം കാര്യങ്ങളിൽ ഇടപെടുന്ന സ്ഥിതിയുണ്ട്. ഇതെല്ലാം സൈബർ ഡോം നിർവ്വഹിച്ചുവരുന്നുണ്ട്. കൂടുതൽ ഫലപ്രദമായി

അക്കാര്യങ്ങൾ നിർവ്വഹിക്കുവാനാകും എന്നുതന്നെയാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, സൈബർ ഭീകരത സർവ്വനാശം വിതയ്ക്കുമെന്ന ആശങ്ക പടരുകയാണ്. "മൂന്നാം ലോക മഹായുദ്ധത്തിൽ ആയുധങ്ങൾ എന്തൊക്കെയായിരിക്കുമെന്ന് എനിക്കറിയില്ല. പക്ഷെ നാലാം ലോകമഹായുദ്ധത്തിന്റെ ആയുധം കല്ലായിരിക്കുമെന്ന്" ആൽബർട്ട് ഐൻസ്റ്റീൻ പറഞ്ഞത്, സർവ്വനാശം വിതയ്ക്കുന്ന ഒരായുധം വരുമെന്നുള്ളതുകൊണ്ടാണ്. ഇവിടെ ഉയർന്നുവരുന്ന ആശങ്കകളെല്ലാം ആ തലത്തിലേയ്ക്ക് സൈബർലോകത്തെ കൊണ്ടുപോകുകയാണ്.

<u>മി സ്പീക്കർ</u>: ചോദ്യോത്തരസമയം അവസാനിച്ചു.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: ഒരു മിനിട്ടുകൂടി സംസാരിക്കാൻ അനുവദിക്കണം.

<u>മി. സ്പീക്കർ</u>: സമയം അധികമെടുക്കാതെ ചോദിക്കണമെന്നു അങ്ങയോട് നേരത്തെതന്നെ സൂചിപ്പിച്ചിരുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)